www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 36 | 2017 SEP 16 | ₹10

## ജനാധിപത്യം
## ഒരു മുസ്‌ലിം അറിഞ്ഞിരിക്കേണ്ടത്



## ഇമാം ബുഖാരിയും സ്വഹീഹുൽ ബുഖാരിയും

## ഹിംസയിലാറാടുന്ന അഹിംസാവാദികൾ

ഇത് വെള്ളരിക്കാ പട്ടണമോ? || ആശയത്തെ തടയാൻ ആയുധം തികയില്ല

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം


Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0036 / 2017 സെപ്തംബർ 16 / 1438 ദുൽഹിജ്ജ 25 / പുസ്തകം 01 / ലക്കം 36

# ജനാധിപത്യം ഒരു മുസ്‌ലിം അറിഞ്ഞിരിക്കേണ്ടത്

അബൂയഹ്‌യ / 10



# ഹിംസയിലാറാടുന്ന അഹിംസാവാദികൾ

ത്വാഹാ റഷാദ് / 15

**മുഖമൊഴി**
ഇത് വെള്ളരിക്കാ പട്ടണമോ? / 05
എഡിറ്റർ

**ലേഖനങ്ങൾ**
ഇമാം ബുഖാരിയും... / 06
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

വിജയം ധർമനിഷ്ഠ പാലിക്കുന്നവർക്ക് / 26
ഫദ്‌ലുൽ ഹഖ് ഉമരി

**ബാലപഥം**
ബെൽറ്റ് / 18
റാഷിദ ബിൻത് ഉസ്മാൻ

**ഗാനം**
ചോരയുണങ്ങാത്ത മ്യാൻമർ / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
ആദ് സമുദായത്തിന്റെ കഥ / 20
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ പഠനം**
മുഹമ്മദ് നബിﷺ: മാതൃകാ വ്യക്തിത്വം / 23
ശമീർ മദീനി

**പാരന്റിംഗ്**
രൂപ ഭാവങ്ങളും പരിഗണനീയം തന്നെ / 24
അശ്‌റഫ് എകരൂൽ

**വിവർത്തനം**
ഇസ്‌ലാം: സ്ത്രീയുടെ രക്ഷകൻ / 31
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

**നമുക്ക് ചുറ്റും**
ആശയത്തെ തടയാൻ ആയുധം തികയില്ല / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### സത്യവിശ്വാസികളും പരീക്ഷണവും

ലോകത്തിന്റെ പല ഭാഗങ്ങളിലും മുസ്‌ലിംകൾ കഠിനമായി പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിക്രമങ്ങൾക്ക് ഇരകളായിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ അവർ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്? പകരത്തിന് പകരം ചെയ്യേണമോ? അങ്ങനെ ചിലർ വാദിക്കുന്നു. അങ്ങനെ ചെയ്താൽ ഗുണത്തെക്കാളേറെ ദോഷമായിരിക്കുകയും ഉണ്ടാവുക എന്നു മറുഭാഗവും.

ഒരു മുസ്‌ലിം എന്ത് നിലപാട് സ്വീകരിക്കുമ്പോഴും അവലംബിക്കേണ്ടത് മതത്തിന്റെ പ്രമാണങ്ങളെയാണ്. കടുത്ത പരീക്ഷണങ്ങൾ നൽകി അടിമകളെ പരിശോധിക്കുമെന്ന് വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു അറിയിക്കുന്നുണ്ട്: "...ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്..." (ക്വുർആൻ 21:35).

ഓരോ മനുഷ്യനും നന്മകളും തിന്മകളും കൊണ്ട് പരീക്ഷിക്കപ്പെടുമെന്നത് തീർച്ചയാണ്. പരീക്ഷണങ്ങളെ പൂർവസൂരികൾ അഭിമുഖീകരിച്ചത് പോലെ നേരിടാനാണ് സത്യവിശ്വാസികൾ ശ്രമിക്കേണ്ടത്.

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിക്കുന്നുണ്ടോ?'' (ക്വുർആൻ 29:2).

വിശ്വാസി കൂടുതൽ പരീക്ഷിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുക്കാൻ നിയോഗിതരായ പ്രവാചകർ പോലും പരീക്ഷണങ്ങളിൽ നിന്ന് ഒഴിവായിട്ടില്ല. അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ ഉത്തമ സമുദായം എന്ന് വിശേഷിപ്പിച്ച മുഹമ്മദ് നബിﷺയുടെ അനുചരന്മാരും കഠിന പരീക്ഷണങ്ങൾ തരണം ചെയ്തവരാണ്. പീഡിതരായ സ്വഹാബികളെ അല്ലാഹു ഉണർത്തുന്നത് കാണുക:

"അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ(വിശ്വാസികൾ)ക്കുണ്ടായത് പോലെയുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കയാണോ? പ്രയാസങ്ങളും ദുരിതകളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞുപോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്ത് തന്നെയുണ്ട്" (ക്വുർആൻ 2:214).

പരീക്ഷണമെന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. അത് എല്ലാ കാലഘട്ടത്തിലും ഉണ്ടായിരിക്കുമെന്നതിൽ സന്ദേഹമില്ല. എന്നാൽ അവയോടുള്ള മുസ്‌ലിമിന്റെ പ്രതികരണ രീതിയാണ് പ്രധാനം. മുസ്‌ലിംകൾ പ്രകോപിതരായി പ്രതികരിക്കുകയും അക്രമാസക്തരാവുകയും ചെയ്യണം എന്നാണ് വർഗീയ-വംശീയ വാദികളുടെ ആഗ്രഹം. അങ്ങനെ സംഭവിച്ചാൽ അക്രമികളെന്ന് മുദ്രകുത്താനും അക്രമം തടയാനെന്ന പേരിൽ അവരെ നശിപ്പിക്കാനും എളുപ്പമാണല്ലോ. അതിനാൽ വിവേകപൂർണമായ നിലപാടാണ് സ്വീകരിക്കേണ്ടത്. വിശ്വാസിയുടെ പക്കലുള്ള പ്രധാന ആയുധം പ്രാർഥന തന്നെയാണ്. മർദിതന്റെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ മറയില്ലെന്ന സന്തോഷവാർത്ത നബിﷺ നൽകിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം" (ക്വുർആൻ 40:60).

**-സൽമാൻ ഇരിവേറ്റി (ജാമിഅ അൽഹിന്ദ്)**

### മുത്ത്വലാക് ആണോ ഇന്ന് ഇന്ത്യ നേരിടുന്ന വലിയ ഭീഷണി?

മുത്ത്വലാക്വുമായി ബന്ധപ്പെട്ട പഠനാർഹമായ ലേഖനം വായിച്ചു. ചിലരുടെയൊക്കെ ബേജാറ് കണ്ടാൽ ഇന്ന് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ ഭീഷണി മാവോയിസ്റ്റുകളോ, വർഗീയതയോ ഒന്നുമല്ല മുത്ത്വലാക് തന്നെയാണ് എന്ന് തോന്നിപ്പോകും!

'മുസ്‌ലിംകൾ ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും മതവിധികൾ സ്വീകരിക്കുന്നതിന് പകരം ഓരോ വിഭാഗവും അവരവരുടെ മദ്ഹബാണ് അവസാന വാക്കായി സ്വീകരിച്ചു വന്നത്. അതുവഴി മദ്ഹബ് ഗ്രന്ഥങ്ങൾക്ക് കോടതികളിൽ വലിയ സ്വീകാര്യതയുണ്ടായി' എന്ന വിലയിരുത്തൽ വളരെ പ്രസക്തമാണ്.

**- മുഹമ്മദ് ബിലാൽ, സുൽത്താൻ ബത്തേരി**

മുഖമൊഴി

# ഇത് വെള്ളരിക്കാ പട്ടണമോ?

**സൈ**ബർ ലോകത്തെ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കുന്ന ഐ.ടി നിയമത്തിലെ 66 എ വകുപ്പ് സുപ്രീംകോടതി റദ്ദാക്കിയത് അടുത്ത കാലത്താണ്. സാമൂഹിക മാധ്യമങ്ങൾ അടക്കമുള്ളവയിൽ അപകീർത്തിപരമായ അഭിപ്രായ പ്രകടനം നടത്തുന്നവരെ എളുപ്പം അറസ്റ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പ് ഭരണഘടനാവിരുദ്ധമാണ് എന്നാണ് കോടതിയുടെ വിധി. ഇതേ കാരണത്താൽ കേരള പൊലീസ് നിയമത്തിലെ 118 ഡി വകുപ്പും സുപ്രീം കോടതി റദ്ദാക്കി. ഈ രണ്ട് വകുപ്പുകളും അവ്യക്തമാണെന്നും കോടതി വിധിച്ചിട്ടുണ്ട്.

സ്വതന്ത്ര ജനാധിപത്യ രാജ്യത്ത് മാന്യമായി അഭിപ്രായം പറയാനും ഭരണാധികാരികളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും ആരോഗ്യപരമായി വിമർശിക്കുവാനും അവകാശമില്ലാതാകുന്നത് സ്വേഛാധിപത്യത്തിലേക്കുള്ള കാൽവയ്പാണെന്നതിൽ സംശയമില്ല. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ മറവിൽ എന്തുമാവാം എന്ന എന്ന നിലപാട് ഒരിക്കലും ഉണ്ടായിക്കൂടാ.

മോശപ്പെട്ട ഭാഷയിൽ വിമർശിക്കുന്നതും അപകീർത്തിപ്പെടുത്തുന്നതും തെറ്റു തന്നെ. എന്നാൽ അതിന്റെ മറവിൽ അഭിപ്രായം പറയാനുള്ള അവകാശത്തെ തന്നെ നിഷേധിക്കുന്നത് അന്യായമാണ്. ഇവിടെ നാം ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്.

വർഗീയ വൈരം വളർത്തുന്ന രീതിയിൽ പ്രസംഗിച്ചു എന്നു പറഞ്ഞ് ചിലരെ അറസ്റ്റ് ചെയ്തിട്ടുണ്ട് നമ്മുടെ നാട്ടിൽ. പലരും ഈ ഭീഷണിക്കു കീഴിലാണ്. അതിലൊക്കെയും പ്രതികൾ മുസ്‌ലിംകളാണ് എന്നത് ശ്രദ്ധേയമാണ്. എന്നാൽ വർഗീയ ലഹളയുടെ കൊടുങ്കാറ്റ് അഴിച്ചുവിടാൻ ശേഷിയുള്ളതും പല സന്ദർഭങ്ങളിലും ചോരപ്പുഴ തീർക്കുവാൻ കാരണമായതുമായ പ്രസംഗങ്ങൾ നടത്തിയവർ ഇന്ത്യയിലുണ്ട്. പതിറ്റാണ്ടുകൾക്കു മുമ്പ് മൊറാദാബാദിലും ഭീവണ്ടിയിലുമൊക്കെയുണ്ടായ രക്തച്ചൊരിച്ചിലിനു പിന്നിൽ സാക്ഷാൽ ബാൽതാക്കറെയുടെ പ്രസംഗവും 'സാംന'യിലെഴുതിയ ലേഖനവുമാണെന്നത് രഹസ്യമല്ല.


ഭരണഘടന ഉറപ്പു നൽകുന്ന മതേതര ജനാധിപത്യത്തെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നയാളാണ് വി.എച്ച്.പി അന്താരാഷ്ട്ര ജനറൽ സെക്രട്ടറി പ്രവീൺ തൊഗാഡിയ. വ്യത്യസ്ത മത, സാമൂഹിക വിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തുന്നതാണ് തൊഗാഡിയയുടെ പ്രസംഗങ്ങളും എഴുത്തുകളും. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ നടത്തിപ്പുകാരനായ തൊഗാഡിയ നിയമങ്ങൾക്ക് അതീതനാണെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഡോക്ടറായ തൊഗാഡിയ ഗുജറാത്ത് കലാപ കാലത്ത് മുസ്‌ലിംകൾക്ക് ചികിത്സ നിഷേധിച്ചുകൊണ്ട് വൈദ്യശാസ്ത്ര ധാർമികതയെ വെല്ലുവിളിച്ചിരുന്നു. ചിലർക്ക് എന്തും പറയാം, എന്തും എഴുതാം, മറ്റു ചിലർക്ക് ഒന്നും പറഞ്ഞുകൂടാ, എഴുതിക്കൂടാ എന്ന നിലപാടാണോ ഉള്ളത് എന്ന് തോന്നിപ്പോകുന്ന വിധത്തിലാണ് ഇവിടെ കാര്യങ്ങൾ.

ഗോവിന്ദ് പൻസാരെ, എം.എം കൽബുർഗി, നരേന്ദ്ര ധബോൽകർ എന്നിവർക്കു ശേഷം പ്രമുഖ പത്രപ്രവർത്തക ഗൗരി ലങ്കേഷ് കൂടി കൊല ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ അങ്ങിങ്ങായി ചില പ്രതിഷേധ സ്വരങ്ങൾ ഉയരും. അതോടെ എല്ലാം കെട്ടടങ്ങും. മതേതരവാദികളായ എഴുത്തുകാർ ആയുസ്സിനു വേണ്ടി മൃത്യുഞ്ജയ ഹോമം നടത്തിയില്ലെങ്കിൽ ഗൗരി ലങ്കേഷിന്റെ ഗതി വരുമെന്ന ഹിന്ദു ഐക്യവേദി സംസ്ഥാന അധ്യക്ഷയായ ശശികലയുടെ ഭീഷണി ഇതിനോട് ചേർത്തു വായിക്കുക.

ഇന്ത്യൻ ശിക്ഷാനിയമം 153-എയിൽ "എഴുത്തിലൂടെയോ പ്രസംഗത്തിലൂടെയോ മറ്റ് സൂചനകളിലൂടെയോ വിവിധ മത,ജാതി,ദേശ,ഭാഷക്കാർക്കിടയിൽ ശത്രുത വളർത്തുവാൻ ശ്രമിക്കുക, പൊതുസമൂഹത്തിൽ ശാന്തിയും സമാധാനവും തകർക്കുന്ന രൂപത്തിൽ വ്യത്യസ്ത ജാതി, മത,ദേശ,സമുദായങ്ങൾക്കിടയിൽ പ്രവർത്തിക്കുക..." തുടങ്ങിയ കുറ്റങ്ങൾ ചെയ്യുന്നവരെ മൂന്നുവർഷംവരെ തടവിനും പിഴ അടക്കാനും വിധിക്കാവുന്നതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ തെറ്റായി ഒന്നും ചെയ്യാത്ത ചിലരുടെ മേൽ ഈ നിയമം നടപ്പിലാക്കാൻ ചാടിവീഴുകയും തെറ്റ് ചെയ്തവരെ തലോടുകയും ചെയ്യുന്ന വിരോധാഭാസമാണ് നാം കാണുന്നത്. ഫെയ്സ് ബുക്കിൽ ഒരു ലൈക്കടിച്ചവരെ പോലും അറസ്റ്റു ചെയ്ത് ജയിലിലടച്ച് നാടിനെ രക്ഷിച്ചതായി സായൂജ്യമടയാൻ ഭരണകർത്താക്കൾക്ക് കഴിയുകയും ചെയ്യുന്നു. ഈ അവസ്ഥക്കാണ് മാറ്റമുണ്ടാകേണ്ടത്. നമ്മുടെ നാട് ഒരു വെള്ളരിക്കാ പട്ടണമായി മാറിക്കൂടാ. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
mail@nerpatham.com






# ഇമാം ബുഖാരിയും സ്വഹീഹുൽ ബുഖാരിയും

**അ**ല്ലാഹു മാനവർക്കായി കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ നൽകിയ മതമാണ് ഇസ്‌ലാം. ആദം നബി(عليه السلام) മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ്ﷺ വരെയുള്ള മുഴുവൻ പ്രാവാചകന്മാരും പ്രബോധനം ചെയ്ത മതം. അല്ലാഹുവിങ്കൽ സ്വീകാര്യമായ ഏക മതം. സമ്പൂർണമായി തന്റെ രക്ഷിതാവിന് തന്നെ സമർപ്പിക്കലാണത്. അത് മുഹമ്മദ് നബിﷺയിലൂടെയും വിശുദ്ധ ക്വുർആനിലൂടെയും പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനി മാനവരുടെ മാർഗദർശനത്തിനായി പ്രവാചക നിയോഗമോ, വേദഗ്രന്ഥാവതരണമോ ഉണ്ടാവില്ല.

വിശുദ്ധ ക്വുർആൻ അതിന്റെ അവതരണം മുതൽ അവസാന നാൾവരെയുള്ള മുഴുവൻ മനുഷ്യരുടെയും മാർഗദർശക ഗ്രന്ഥമാണ്. ക്വുർആൻ അനുസരിച്ച് ജനങ്ങൾ എങ്ങനെ ജീവിക്കണമെന്ന് ജനങ്ങൾക്കിടയിൽ ജീവിച്ച് മാതൃകയാകുവാനാണ് അല്ലാഹു മുഹമ്മദ് നബിﷺയെ നിയോഗിച്ചത്. ദൈവിക ബോധനമനുസരിച്ചുള്ള പ്രവാചകൻﷺയുടെ വാക്കുകളും പ്രവർത്തനങ്ങളും അംഗീകാരങ്ങളുമാണ് ഹദീഥ് എന്ന പേരിൽ അറിയപ്പെടുന്നത്. ക്വുർആനിനെ കൃത്യമായി മനസ്സിലാക്കുവാനും യഥാർഥ മുസ്‌ലിമാകുവാനും പ്രവാചക ചര്യ സ്വീകരിച്ചേ മതിയാവൂ.

വിശുദ്ധ ക്വുർആനും പ്രവാചകചര്യയും സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദീഥിന്റെ സംരക്ഷണം സനദുകളിലൂടെയാണ് അഥവാ നിവേദക പരമ്പരകളിലൂടെയാണ്. നബിﷺയുടെ ഹദീഥുകൾ പല ഗ്രന്ഥങ്ങളിലായി വ്യാപിച്ചുകിടക്കുകയാണ്. ആ ഹദീഥ് ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മുസ്‌ലിം സമൂഹം ഒന്നടങ്കം സ്വീകാര്യമായി അംഗീകരിച്ചിരിക്കുന്ന

ഗ്രന്ഥങ്ങളാണ് സ്വഹീഹുൽ ബുഖാരിയും സ്വഹീഹുൽ മുസ്‌ലിമും. സ്വാർഥതാൽപര്യങ്ങളും സങ്കുചിത ചിന്തകളും സംരക്ഷിക്കുവാനും നേടിയെടുക്കുവാനുമായി ഇസ്‌ലാമിന്റെ ശത്രുക്കളും ഇസ്‌ലാമിന്റെ കുപ്പായമിട്ട- ബുദ്ധിജീവികളെന്ന് സ്വയം നടിക്കുന്ന-വരും ഈ രണ്ടു ഗ്രന്ഥങ്ങൾക്കെതിരെ വിമർശനങ്ങൾ ഉന്നയിക്കുന്നത് പുതിയ സംഭവമല്ല. ഈ ഗ്രന്ഥങ്ങളിൽ ബുദ്ധിക്ക് നിരക്കാത്ത ഒരുപാട് ഹദീഥുകളുണ്ടെന്ന് പറഞ്ഞ് അതെല്ലാം തള്ളുന്ന പ്രവണത കഴിഞ്ഞകാലങ്ങളിൽ പ്രകടമായിട്ടുണ്ട്. ആ രോഗം ഇന്ന് അൽപം കൂടുതലായി കേരളത്തിൽ ചിലർക്കിടയിൽ കണ്ടുവരാൻ തുടങ്ങിയിട്ടുണ്ട്. അതിനാൽ ആരാണ് ഇമാം ബുഖാരി, എന്താണ് സ്വഹീഹുൽ ബുഖാരി എന്ന് മനസ്സിലാക്കേണ്ടതുണ്ട്.

**ഇമാം ബുഖാരി(റഹി)**

പേര്: മുഹമ്മദുബ്നു ഇസ്മാഈലുബ്നു ഇബ്റാഹീമുബ്നുൽ മുഗീറതുബ്നു ബർദിസ്ബ. അപര നാമം: അബൂഅബ്ദുല്ലാഹ്. ഹദീഥ് പണ്ഡിതന്മാരുടെ ഇമാമാണ് ഇമാം ബുഖാരി. പിതാവ് ഇമാം മാലികിന്റെ ശിഷ്യന്മാരിൽ പെട്ട ഹദീഥ് പണ്ഡിതനായിരുന്ന അബുൽ ഹസൻ ഇസ്മാഈൽ. ചെറുപ്പത്തിൽ ഇമാം ബുഖാരിയുടെ കാഴ്ച ശക്തി നഷ്ടപ്പെട്ടിരുന്നെങ്കിലും അല്ലാഹു തിരിച്ചു നൽകി. അതിനായി ഉമ്മ ധാരാളമായി അല്ലാഹുവിനോടു പ്രാർഥിക്കാറുണ്ടായിരുന്നു എന്ന് ഗ്രന്ഥങ്ങളിൽ കാണാം. ഖുറാസാനിലെ ബുഖാറ എന്ന ദേശത്ത് ഹിജ്റാബ്ദം 194 ശവ്വാൽ 13നാണ് ജനിച്ചത്. ചെറുപ്പത്തിലേ പിതാവിന്റെ വിയോഗം കാരണം ഉമ്മയാണ് വളർത്തിയത്. പത്ത് വയസ്സായപ്പോൾ തന്നെ ഹദീഥ് പഠിക്കുവാനും മനഃപാഠമാക്കുവാനും ആരംഭിച്ചുവെന്ന് ഇമാം ബുഖാരി തന്നെ വ്യക്തമാക്കിയതായി കാണാം. ചെറുപ്പത്തിൽ തന്നെ അന്നുണ്ടായിരുന്ന പല ഹദീഥ് പണ്ഡിതന്മാരുടെയും ശിഷ്യത്വം സ്വീകരിക്കുകയും ഹദീഥുകളിലെ സ്വഹീഹും ദ്വഈഫും (സ്വീകാര്യതയും ദുർബലതയും) വേർതിരിച്ചു മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. നിവേദകന്മാരെക്കുറിച്ച് ആഴത്തിൽ പഠിച്ചിരുന്നു.

**പഠനത്തിനായുള്ള യാത്ര**

ഇമാം ബുഖാരിയുടെ പതിനാറാമത്തെ വയസ്സിൽ ഹിജ്റ: 210ൽ ബുഖാറയിൽ നിന്ന് ഹിജാസിലേക്ക് പോയി. വിജ്ഞാനം തേടിയുള്ള ഇമാം ബുഖാരിയുടെ പ്രഥമ യാത്രയായിരുന്നു അത്. മാതാവിനോടും സഹോദരനോടുമൊപ്പം ഹജ്ജിനായി മക്കയിൽ പ്രവേശിച്ചു. അതിനു ശേഷം ഇമാം ബുഖാരി അവിടെ തന്നെ താമസിച്ചു. പിന്നീട് ഹിജ്റ: 212ൽ മദീനയിലേക്ക് യാത്ര തിരിച്ചു. ഈ യാത്രയിൽ വെച്ചാണ് ഇമാം ബുഖാരി തന്റെ 'താരീഖുൽ കബീർ' എന്ന ഗ്രന്ഥം രചിച്ചത്. അന്ന് അദ്ദേഹത്തിന്റെ പ്രായം പതിനെട്ട് വയസ്സ് മാത്രം. അതിനു ശേഷം ബസ്വറയിലേക്കും, അവിടെ നിന്ന് കൂഫയിലേക്കും ബാഗ്ദാദിലേക്കും യാത്രപോയി. ബസ്വറയിലേക്ക് നാല് പ്രാവശ്യമാണ് യാത്രപോയത്. ഇമാം ബുഖാരി പറയുന്നു: "വിജ്ഞാനം തേടി ഹദീഥ് പണ്ഡിതന്മാരോടൊപ്പം കൂഫയിലേക്കും ബാഗ്ദാദിലേക്കും എത്ര പ്രാവശ്യമാണ് യാത്ര പോയതെന്ന് എനിക്കറിയില്ല, അത്ര കൂടുതൽ തവണ യാത്ര പോയിട്ടുണ്ട്."

ശാം, മിസ്ർ, ജസീറത്തുൽ അറബ്, ഖുറാസാൻ, മർവ്വ്, ബലഖ്, ഹറാത്, നൈസാപൂർ, റയ്യ് തുടങ്ങിയ വിവിധ നാടുകളിലേക്ക് ഹദീഥ് വിജ്ഞാനം തേടി ഇമാം ബുഖാരി യാത്ര പോയി. ഇമാം ബുഖാരിക്ക് അല്ലാഹു നൽകിയ ബുദ്ധികൂർമതയും മനഃപാഠമാക്കുവാനുള്ള കഴിവും ചെറുതല്ല. ഹദീഥ് വിജ്ഞാനത്തിനും അതിന്റെ വ്യാപനത്തിനുമായി ഇമാം ഒരുപാട് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഭരണാധികാരികളിൽ നിന്നും മറ്റും അഭിമുഖീകരിച്ചിട്ടുണ്ട്.

ഗ്രന്ഥങ്ങൾ: സ്വഹീഹുൽ ബുഖാരി, താരീഖുൽ കബീർ, താരീഖുൽ ഔസത്, താരീഖുസ്സ്വഗീർ, അൽജാമിഉൽ കബീർ, ഖൽഖു അഫ്ആലുൽ ഇബാദ്, അദബുൽ മുഫ്റദ്, ആദാബു മശ്‌യുൻ ഇലസ്സ്വലാത് തുടങ്ങി ഏകദേശം ഇരുപത്തഞ്ചോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ മിക്കവയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പണ്ഡിതന്മാരുടെ വാക്കുകളിലൂടെ**

'സ്വഹീഹുൽ ബുഖാരി' എന്ന ഒരു ഗ്രന്ഥം മുസ്‌ലിം സമൂഹത്തിന് സമർപ്പിക്കാനുള്ള അല്ലാഹുവിന്റെ തൗഫീക് ലഭ്യമായതിലൂടെ ഇമാം ബുഖാരിക്കും സ്വഹീഹുൽ ബുഖാരിക്കും മുസ്‌ലിം സമുദായത്തിലുള്ള പ്രത്യേകതയും സ്ഥാനവും പണ്ഡിതന്മാരുടെ വാക്കുകളിലൂടെ നമുക്ക് കാണാം. ഉദാഹരണത്തിന് ചിലത് കാണുക:

അബൂനഈം അഹ്മദ്ബ്നു ഹമ്മാദ് പറയുന്നു: 'അദ്ദേഹം (ഇമാം ബുഖാരി) ഈ ഉമ്മത്തിന്റെ ഫഖീഹ് ആകുന്നു.'

ക്വുതൈബബ്നു സഈദ് പറയുന്നു: 'ഭൂമിയുടെ കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും ഒരുപാട് വ്യക്തിത്വങ്ങൾ എന്റെയടുത്ത് വന്നിട്ടുണ്ട്; മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരിയെ പോലെ ആരും എന്റെയടുത്ത് വന്നിട്ടില്ല.'

അബൂമുഹമ്മദ് അബ്ദുല്ലാഹ് ബ്നു അബ്ദുർറഹ്മാൻ അദ്ദാരിമി പറയുന്നു: 'മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരി ഞങ്ങളെക്കാൾ അറിവുള്ളയാളും ഫിക്വ്ഹിൽ പാണ്ഡിത്യമുള്ളയാളും വിജ്ഞാനമന്വേഷിക്കുന്നയാളുമാണ്.'

ഇസ്ഹാക്ബ്നു റാഹവൈഹി പറയുന്നു: 'അ

ദ്ദേഹം (ഇമാം ബുഖാരി) എന്നെക്കാൾ ഉൾക്കാഴ്ചയും അറിവുമുള്ള വ്യക്തിയാകുന്നു.'

അബൂ ഹാതിം അർറാസി പറയുന്നു: 'ഇറാഖിൽ പ്രവേശിച്ചവരിൽ ഏറ്റവും അറിവുള്ളയാൾ മുഹമ്മദ്ബ്നു ഇസ്മാഈൽ ആകുന്നു.'

അഹ്മദ്ബ്നു ഹമ്പൽ പറയുന്നു: 'ഖുറാസാൻ മുഹമ്മദ്ബ്നു ഇസ്മാഈലിനെ പോലെ മറ്റൊരാളെ പുറത്ത്കൊണ്ടു വന്നിട്ടില്ല.'

റജാഅ്ബ്നു റജാഅ്: പറയുന്നു: 'അദ്ദേഹം (ബുഖാരി) ഭൂമിയിലൂടെ നടക്കുന്ന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാകുന്നു.'

ഇബ്നു ഖുസൈമ പറയുന്നു: 'ആകാശത്തിനു ചുവട്ടിൽ മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരിയെക്കാൾ റസൂലുല്ലാഹിﷺയുടെ ഹദീഥുകളെ സംബന്ധിച്ച് അറിവുള്ള, മനഃപാഠമുള്ള മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല.'

ഹാഫിളുദ്ദഅബി തന്റെ തദ്കിറതുൽ ഹുഫ്ഫാളിൽ പറയുന്നു: 'ഇമാം ബുഖാരി ബുദ്ധി കൂർമതയിലും വിജ്ഞാനത്തിലും വിരക്തിയിലും ആരാധനയിലും നേതാവായിരുന്നു.'

ഹാഫിളു ഇബ്നു ഹജറുൽ അസ്ഖലാനി തന്റെ തഖ്രീബുത്തഅ്ദീബിൽ പറയുന്നു: 'അബൂ അബ്ദുല്ലാഹ് അൽബുഖാരി മനഃപാഠത്തിൽ പർവതവും ദുൻയാവിന്റെ ഇമാമും ഹദീഥിൽ സ്വീകാര്യനുമാകുന്നു.'

(ഈ ഉദ്ധരണികളെല്ലാം എടുത്തിരിക്കുന്നത് മദീനയിലെ ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദിന്റെ 'ഇമാമുൽ ബുഖാരി വ കിതാബുഹു അൽജാമിഉ സ്സ്വഹീഹ്' എന്ന ഗ്രന്ഥത്തിൽ നിന്നും ഹാഫിളുൽ മിസ്സിയുടെ തഹ്ദീബുൽ കമാലിൽ നിന്നുമാണ്).

**മരണം**

അവസാനനാൾ വരെയുള്ള മുസ്‌ലിം സമുഹത്തിന് വഴികാട്ടിയായ സ്വഹീഹുൽ ബുഖാരിയെന്ന അമൂല്യ ഗ്രന്ഥം സമ്മാനമായി നൽകി മഹാനായ മുഹമ്മദുബ്നു ഇസ്മാഈലുൽ ബുഖാരി(റഹി) ഹിജ്റ: 256ൽ തന്റെ അറുപത്തി രണ്ടാമത്തെ വയസ്സിൽ ഈദുൽ ഫിത്വ്റിന്റെ രാത്രിയിൽ മരണപ്പെടുകയുണ്ടായി.

**സ്വഹീഹുൽ ബുഖാരി**

മുസ്‌ലിംകൾക്കിടയിൽ 'സ്വഹീഹുൽ ബുഖാരി' എന്ന പേരിൽ പ്രസിദ്ധമായ ഇമാം ബുഖാരിയുടെ ഹദീഥ് സമാഹാരത്തിന്റെ പൂർണ നാമം 'അൽജാമിഅ് അൽമുസ്നദ് അസ്സ്വഹീഹുൽ മുഖ്തസ്വർ മിൻ ഉമൂരി റസൂലില്ലാഹി സ്വല്ലല്ലാഹു അലൈഹി വസല്ലം വ സുനനിഹി വഅയ്യാമിഹി' എന്നാണ്. ഈ ഗ്രന്ഥത്തിൽ ആവർത്തനം അടക്കം ഏഴായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച് ഹദീഥുകളാണുള്ളത്. ആവർത്തനം കൂടാതെ നാലായിരം ഹദീഥുകളാണുള്ളത്. സനദില്ലാതെ വിഷയക്രമത്തിനും കൂടുതൽ തെളിവിനുമായി മുഅല്ലഖായി (അനുബന്ധം) കൊടുത്തിട്ടുള്ള ഹദീഥുകൾ ആയിരത്തി മുന്നൂറ്റി നാൽപത്തിയൊന്നാണ്.

**കാരണം**

ഇമാം ബുഖാരി ഈ ഗ്രന്ഥം രചിക്കുവാനുള്ള കാരണമായി പറയുന്നത്; ഒരിക്കൽ തന്റെ ശൈഖായ ഇസ്ഹാക്ബ്നു റാഹവൈഹിയുടെ സദസ്സിലിരിക്കുമ്പോൾ അദ്ദേഹം പറയുകയുണ്ടായി: 'നബിﷺയുടെ ഹദീഥുകളിൽ സ്വഹീഹായത് മാത്രം തെരഞ്ഞെടുത്ത് ആരെങ്കിലും ക്രോഡീകരിച്ചിരുന്നെങ്കിൽ എന്ന് ചിലയാളുകൾ നമ്മോട് പറഞ്ഞിരിക്കുന്നു.' ഇത് കേട്ടപ്പോൾ അങ്ങനെ ഒരു ഗ്രന്ഥം എഴുതുവാൻ ആരംഭിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം മനഃപാഠമാക്കിയ ഹദീഥുകളിൽ നിന്നാണ് സ്വഹീഹുൽ ബുഖാരി തയ്യാറാക്കിയത്.

**നിബന്ധനകൾ**

ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഒരു ഹദീഥ് രേഖപ്പെടുത്തുവാനായി ഹദീഥ് നിദാന ശാസ്ത്ര പ്രകാരമുള്ള നിബന്ധനകൾ സ്വീകരിച്ചിട്ടുണ്ട്. ആ നിബന്ധനകൾ ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിന് നൽകിയ പൂർണനാമത്തിൽ നിന്ന് തന്നെ വ്യക്തമാണെന്ന് പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അത്; ഹദീഥിന്റെ സനദിലെ റാവി(റിപ്പോർട്ടർ)മാർ ഒരേ കാലത്ത് ജീവിക്കുകയും പരസ്പരം കണ്ടുമുട്ടുകയും കേൾക്കുകയും ചെയ്യണം. അതോടൊപ്പം റാവിമാർ സത്യസന്ധരും നീതിമാന്മാരും ഹദീഥിൽ നിപുണരും അറിവുള്ളവരും അല്ലാഹുവിനെ ഭയപ്പെടുന്നവരും ഹദീഥുകൾ മനഃപാഠമാക്കിയവരോ എഴുതിവെച്ചവരോ ആയിരിക്കുകയും ചെയ്യണം. ഒരു ഹദീഥിന് ഈ നിബന്ധനകളെല്ലാം പൂർത്തിയായിയെന്ന് മനസ്സിലായാൽ തന്റെ സ്വഹീഹിൽ രേഖപ്പെടുത്തുന്നതിനു മുമ്പ് ഇമാം ബുഖാരി കുളിക്കുകയും വുദൂഅ് ചെയ്യുകയും ചെയ്തു രണ്ട് റകഅത്ത് ഇസ്തിഖാറയുടെ നമസ്കാരം നിർവഹിക്കുകയും ചെയ്തിരുന്നു. ഈ ഗ്രന്ഥത്തിന് തുടക്കം കുറിച്ചത് മക്കയിലെയും മദീനയിലെയും ഹറമുകളിൽ വെച്ചാണ്. സ്വഹീഹിൽ രേഖപ്പെടുത്തിയതിനു ശേഷം വീണ്ടും വീണ്ടും പരിശോധിച്ചിരുന്നു. അങ്ങനെ മൂന്ന് പ്രാവശ്യം സ്വഹീഹുൽ ബുഖാരി രേഖപ്പെടുത്തിയതിന്റെ അവസാനത്ത രൂപമാണ് ഇന്ന് നാം കാണുന്ന സ്വഹീഹുൽ ബുഖാരി. തന്റെ ജീവിത കാലത്ത് തന്നെ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തന്റെ ഗ്രന്ഥം ശൈഖുമാരെയും ഉസ്താദുമാരെയും കാണിക്കുകയും അവരെക്കൊണ്ട് പരിശോധിപ്പിക്കുകയും ചെയ്തി

ട്ടുണ്ട്. അവരിൽ അഹ്മദ്ബ്നു ഹമ്പൽ, അലിയ്യുബ്നുൽ മദീനി, യഹ്‌യബ്നു മഈൻ തുടങ്ങിയ മുഹദ്ദിസുകളും ഉണ്ട്. അവർ സ്വഹീഹുൽ ബുഖാരിയിലുള്ളത് മുഴുവനും സ്വഹീഹാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വഹീഹായ മുഴുവൻ ഹദീഥുകളും ഇമാം ബുഖാരി തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടില്ല, മറിച്ച് സ്വഹീഹായത് മാത്രമെ തന്റ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

**മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ്**

സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീഥുകൾ മുഴുവനും സ്വഹീഹാണെന്നതിനു മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ് ഉള്ളതായി നമുക്ക് പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. ഉദാഹരണത്തിനു ചിലതു മാത്രം കാണുക:

ഇബ്നു കഥീർ തന്റെ 'അൽബിദായ വന്നിഹായ'യിൽ പറയുന്നു: 'അതിലുള്ളത് (അതായത് സ്വഹീഹുൽ ബുഖാരിയിലുള്ളത്) സ്വഹീഹാണെന്നതിലും അവ സ്വീകരിക്കണമെന്നതിലും പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു; അതുപോലെ ഇസ്‌ലാമിലെ മുഴുവനാളുകളും.'

ഇബ്നു സുബ്കി തന്റെ 'ത്വബകാതുശ്ശാഫിഈയതുൽ കുബ്റ'യിൽ പറയുന്നു: 'അദ്ദേഹത്തിന്റെ (ഇമാം ബുഖാരിയുടെ) ഗ്രന്ഥം 'അൽ ജാമിഉസ്സ്വഹീഹ്' അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഇസ്‌ലാമിന്റെ ഏറ്റവും മഹത്തായ ഗ്രന്ഥമാകുന്നു.'

അബൂഅംറുബ്നു സ്വലാഹ് തന്റെ 'ഉലൂമുൽ ഹദീഥി'ൽ സ്വഹീഹുൽ ബുഖാരിയെയും സ്വഹീഹ് മുസ്‌ലിമിനെയും സംബന്ധിച്ച് വിശദീകരിക്കുമ്പോൾ പറയുകയുണ്ടായി: 'അവർ രണ്ടാളുടെയും (ഇമാം ബുഖാരി, ഇമാം മുസ്‌ലിം) ഗ്രന്ഥങ്ങൾ പ്രതാപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങളാകുന്നു.'

ഇമാം നവവി(റഹി) സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിന്റെ മുഖവുരയിൽ പറയുന്നു: 'പ്രതാപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങൾ രണ്ട് സ്വഹീഹുകളായ സ്വഹീഹ് ബുഖാരിയും സ്വഹീഹ് മുസ്‌ലിമുമാകുന്നു എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. മുസ്‌ലിം സമുദായം അത് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ആ രണ്ട് ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ ഉപകാരപ്രദവും ശരിയായതും ഇമാം ബുഖാരിയുടെ ഗ്രന്ഥമാകുന്നു.'

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു: 'ക്വുർആനിനു ശേഷം ആകാശത്തിനു ചുവട്ടിൽ ബുഖാരി, മുസ്‌ലിമിനെക്കാൾ ശ്രേഷ്ഠമായ മറ്റൊരു ഗ്രന്ഥമില്ല' (മജ്മൂഉൽ ഫതാവാ: 18/74). (ഈ ഉദ്ധരണികളെല്ലാം എടുത്തിരിക്കുന്നത് മദീനയിലെ ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദിന്റെ ഇമാമുൽ ബുഖാരി വ കിതാബുഹു അൽ ജാമിഉസ്സ്വഹീഹ്' എന്ന ഗ്രന്ഥത്തിൽ നിന്നാണ്).

**വിശദീകരണ ഗ്രന്ഥങ്ങൾ**

അഭിപ്രായ വ്യത്യാസമില്ലാതെ മുസ്‌ലിം സമുദായം ഒന്നടങ്കം സ്വീകരിച്ച സ്വഹീഹുഹുൽ ബുഖാരിക്ക് അഹ്‌ലുസ്സുന്നത്തിന്റെ മുൻഗാമികളും പിൻഗാമികളുമായ (ഹിജ്റ വർഷം 300 മുതൽ 1400 വരെയുള്ള വ്യത്യസ്ഥ കാലങ്ങളിലെ) ഏകദേശം നാൽപതോളം പണ്ഡിതന്മാർ വിശദീകരണം എഴുതിയിട്ടുണ്ട്. ഇവരെല്ലാം തന്നെ മുസ്‌ലിം ലോകത്ത് സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനവും പ്രത്യേകതയും മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് അവ രചിച്ചിട്ടുള്ളത്.

സ്വഹീഹുൽ ബുഖാരിയിലെ ചില ഹദീഥുകളെ സംബന്ധിച്ച് ഇമാം ദാറുക്വുത്നി അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ മറ്റു പണ്ഡിതന്മാർക്കില്ലാത്ത അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് വസ്തു നിഷ്ഠമായി ഇമാം ഇബ്നു ഹജറുൽ അസ്ക്വലാനി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അത് ഫത്ഹുൽ ബാരിയിൽ കാണാവുന്നതാണ്.

**സമാപനം**

ആരാണ് ഇമാം ബുഖാരി, എന്താണ് സ്വഹീഹുൽ ബുഖാരി, ഇസ്‌ലാമിലും മുസ്‌ലിം ഉമ്മത്തിലും സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനമെന്താണ് എന്നെല്ലാം വസ്തുനിഷ്ഠമായി നാം മനസ്സിലാക്കുകയുണ്ടായി. സ്വഹീഹുൽ ബുഖാരിയിലെ ഹദീഥുകൾ ബുദ്ധിക്ക് യോജിക്കുന്നില്ലായെന്ന് പറഞ്ഞ് നബിﷺയുടെ ഹദീഥുകളെ തള്ളുകയും പരിഹസിക്കുകയും കൊച്ചാക്കുകയും ചെയ്യുന്നവരും, സംഘടനയെയും നേതാക്കളെയും തൃപ്തിപ്പെടുത്താനായി സ്വഹീഹായ ഹദീഥുകളെ തള്ളിക്കളയുന്നവരും, ഹദീഥുകളെ പരിഹസിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർക്ക് രഹസ്യമായോ പരസ്യമായോ സഹായം ചെയ്യുകയും പ്രസംഗിക്കാനും എഴുതാനും സ്റ്റേജും പേജും ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നവർ ക്വുർആനിലെ താഴെ വരുന്ന ആയത്തുകൾ പാരായണം ചെയ്യട്ടെ:

“അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശപറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്” (9/65,66)

കവർ സ്റ്റോറി

അബൂയഹ്‌യ
abooyahyakfn@gmail.com



# ജനാധിപത്യം ഒരു മുസ്‌ലിം അറിഞ്ഞിരിക്കേണ്ടത്

ജനാധിപത്യം ദൈവിക നിയമങ്ങൾക്ക് പകരമായി വെക്കപ്പെട്ട ഒരു സംവിധാനമേ അല്ല. മതത്തിന് പകരമായും അല്ല അത് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. അത് കൊണ്ട് തന്നെ ജനാധിപത്യത്തിന്റെ സാധുതയെ സംബന്ധിച്ചുള്ള ചർച്ച പ്രസക്തമാവുന്നത് അത് എന്തിന് വേണ്ടി ഉപയോഗിക്കപ്പെടുന്നൂ എന്നതിനെ ആശ്രയിച്ചാണ്.

ജനാധിപത്യത്തിന് ഏകമാനമായ ഒരു നിർവചനം നൽകപ്പെട്ടിട്ടില്ല. അതൊട്ട് സാധ്യവുമല്ല. ഏകാധിപത്യ ഭരണകൂടങ്ങളുടെ അതിക്രമത്തെ പ്രതിരോധിക്കാൻ ജനങ്ങളുടെ കൂടി പ്രാതിനിധ്യം ഉറപ്പു വരുത്തുന്ന ഒരു സംവിധാനം എന്ന നിലയ്ക്കും, പ്രത്യേക മതങ്ങളുടെ ആധിപത്യത്തിൽ നിന്ന് ഓരോരുത്തർക്കും മതസ്വാതന്ത്ര്യം നൽകുന്ന സംവിധാനം എന്ന നിലയ്ക്കും ജനാധിപത്യത്തിന് നിർവചനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾക്ക് മങ്ങലേറ്റ ഒരു കാലഘട്ടത്തിൽ മാനവ സാഹോദര്യത്തെ പരിപോഷിപ്പിക്കാനുതകുന്ന ഒരു സംവിധാനം എന്ന നിലക്കും ജനാധിപത്യം നിർവചിക്കപ്പെട്ടിട്ടുണ്ട്.

ഭരണകൂടത്തെ തിരഞ്ഞെടുക്കുന്ന രീതിശാസ്ത്രവുമായിട്ടും ജനാധിപത്യത്തിന്റെ നിർവചനത്തെ ബന്ധപ്പെടുത്തിയിട്ടുണ്ട്. ഭൂരിപക്ഷത്തിന് സമ്മതനാകുന്ന വ്യക്തിയോ കൂട്ടായ്മയോ രാജ്യം ഭരിക്കുന്ന സംവിധാനത്തെ വ്യാപകമായി ജനാധിപത്യമായി നിർവചിക്കപ്പെട്ടു പോരുന്നു. ഏകാധിപത്യ ഭരണകൂടങ്ങളുടെ പൊതുദോഷമായ; മനുഷ്യന്റെ മതം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവക്കെതിരിലുള്ള കടന്നു കയറ്റം ജനാധിപത്യ സംവിധാനത്തിൽ കുറയും എന്നതുകൊണ്ടായിരിക്കാം ഈയൊരു നിർവചനം വ്യാപകമായി അംഗീകരിക്കപ്പെട്ടത്. (The History of Democracy).

എന്നാൽ ജനാധിപത്യത്തിന് കൃത്യമായ നിർവചനം ഇല്ലാത്തത് പോലെ തന്നെ അതിന്റെ പ്രായോഗിക മേഖലയിലും ധാരാളം അനിശ്ചിതത്വങ്ങൾ കാണാൻ സാധിക്കും. ഭൂരിപക്ഷത്തിന്റെ ആഗ്രഹങ്ങൾ പലപ്പോഴും ഭരണകൂടനിർമിതിയിലോ ഭരണനിർവഹണത്തിലോ പ്രതിഫലിപ്പിക്കപ്പെടുന്നില്ല എന്നു മാത്രമല്ല ഏകാധിപത്യത്തെക്കാൾ ജനാധിപത്യം ഭീകര രൂപം സ്വീകരിക്കുന്നതും ചിലപ്പോൾ കാണാവുന്നതാണ്.

ഏതായിരുന്നാലും ശരി മനുഷ്യന്റെ മതവും മതേതരവുമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയായിരുന്നു ജനാധിപത്യത്തിന്റെ പ്രഥമ ലക്ഷ്യം. എന്നാൽ പിന്നീട് അതിലും മായം ചേർക്കപ്പെട്ടു.

എന്നാൽ ജനാധിപത്യത്തിന്റെ നിർവചനങ്ങളിൽ എവിടെയും മനുഷ്യരുടെ ദൈവവിശ്വാസത്തിനും മതവിശ്വാസത്തിനും ബദലായി നിലകൊള്ളുന്ന ഒരു ദർശനമായോ പ്രസ്ഥാനമായോ ജനാധിപത്യം പരിചയപ്പെടുത്തപ്പെട്ടിട്ടില്ല. തങ്ങളുടെ പരമ്പരാഗത ദൈവ വിശ്വാസത്തിനും മതവിശ്വാസത്തിനും എതിരായി ഒരു പുതിയ വിശ്വാസ സംഹിത എന്ന നിലയ്ക്ക് ഒരാളും ജനാധിപത്യത്തെ കണ്ടിട്ടുമില്ല.

ഏതെങ്കിലും പ്രത്യേക മതം ഭരണകൂടമോ ഭരണഘടനയോ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുകയില്ല എന്നുമാത്രമല്ല; ജനാധിപത്യ ഭരണകൂടത്തിലെ ഭരണാധികാരികൾക്ക് പോലും അവരുടെ മത വിശ്വാസ പ്രകാരം ഇഷ്ടമുള്ള ദൈവത്തെ ആരാധിക്കുവാനും ഇഷ്ടമുള്ള മതാചാരങ്ങൾ സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം തടയപ്പെടുന്നില്ല എന്നതാണ് യഥാർഥ ജനാധിപത്യത്തിന്റെ അന്തഃസാരം.

വസ്തുത ഇതായിരിക്കെ ജനാധിപത്യ സംവിധാനത്തെ മതവിശ്വാസികൾക്കും മതവിശ്വാസത്തിനും എതിരിലുള്ള ഒരു സംവിധാനമായി വിലയിരുത്തുകയും ബഹുദൈവാരാധനക്കും മതനിഷേധത്തിനും ഉപയോഗിക്കപ്പെടുന്ന മതത്തിന്റെ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച് (ഉദാ: ശിർക്ക്, കുഫ്റ്) അതിനെ നേരിടുകയും ചെയ്യുന്നത് യുക്തിയോ ബുദ്ധിയോ അല്ല എന്ന് മാത്രമല്ല അത് പ്രമാണബദ്ധമോ മതത്തിന്റെ അന്തഃസത്തക്ക് നിരക്കുന്നതോ അല്ല.

ജനാധിപത്യത്തിന് ഏകമാനമായ നിർവചനം നൽകപ്പെട്ടിട്ടില്ലാത്തത് പോലെത്തന്നെ അതിനെതിരിലുള്ള നിരൂപണങ്ങളും വിധികളും ഏകമാനമാകുവാൻ പാടില്ലാത്തതാണ്. ജനാധിപത്യം അതിന്റെ അടിസ്ഥാന തത്വങ്ങളിൽ തന്നെ കാലഘട്ടം, സാഹചര്യം, രാഷ്ട്രം എന്നിവക്കനുസരിച്ച് വ്യത്യസ്തത പുലർത്തിയിട്ടുണ്ട്. അത് കൊണ്ട് തന്നെ ജനാധിപത്യത്തെ ഒരൊറ്റ അടിസ്ഥാനത്തിൽ മാത്രം നോക്കിക്കാണുന്നത് അസംബന്ധവും അനീതിയും ഒരു വേള ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നതാണ്.

### മതവും ഭരണകൂടവും

പൊതുവെ ഭരണകൂടങ്ങളോ ഭരണാധികാരികളോ മനുഷ്യരുടെ ദൈവ-മത വിശ്വാസങ്ങളെ നിയന്ത്രിക്കുന്ന കേന്ദ്രങ്ങളായി കരുതപ്പെട്ടിട്ടില്ല. മറിച്ച് എക്കാലഘട്ടങ്ങളിലെയും മനുഷ്യർ വേദഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയുമാണ് മതവിഷയങ്ങളിലെ പ്രാമാണിക അടിസ്ഥാനങ്ങളായി കണ്ടിട്ടുള്ളത്. പ്രവാചകന്മാരുടെ അധ്യാപനങ്ങളും വേദഗ്രന്ഥങ്ങളും സാധാരണക്കാർക്ക് വിശദീകരിച്ച് കൊടുക്കുന്ന വക്താക്കളായി പണ്ഡിത-പുരോഹിതന്മാരും; മതപരവും ഭൗതികവുമായ ജീവിത സൗകര്യങ്ങൾ രാജ്യനിവാസികൾക്ക് ചെയ്ത് കൊടുക്കുകയും ശത്രുക്കളിൽ നിന്നും മറ്റു പ്രതിബന്ധങ്ങളിൽ നിന്നും ജനങ്ങൾക്ക് സുരക്ഷിതത്വം നൽകുകയും ചെയ്യുന്ന കേന്ദ്രങ്ങളായി ഭരണകൂടങ്ങളും ഭരണാധികാരികളും കരുതപ്പെട്ടുപോന്നു. മതാധ്യാപകർക്കോ ഭരണാധികാരികൾക്കോ അപ്രമാദിത്യമോ ദൈവികതയോ കൽപിക്കപ്പെട്ടിരുന്നില്ല. എന്നാൽ പൊതുവെ ഇതായിരുന്നു രീതിയെങ്കിലും ചില കാലഘട്ടങ്ങളിലും രാഷ്ട്രങ്ങളിലും സമൂഹങ്ങളിലും ഇതിനപവാദവുമുണ്ടായിട്ടുണ്ട്. തങ്ങൾ ദൈവത്തിന്റെ പ്രതിപുരുഷന്മാരോ അവതാരങ്ങളോ ചിലപ്പോൾ തങ്ങൾ തന്നെയാണ് ദൈവങ്ങളെന്നോ വാദിച്ച് കൊണ്ട് പല രാജാക്കന്മാരും കടന്നു വന്നിട്ടുണ്ട്. അത്തരം അവകാശവാദങ്ങളിൽ വിശ്വസിച്ചവരും അല്ലാത്തവരും ഉണ്ടായിട്ടുണ്ട്. ഫിർഔൻ (ഫറോവ) തന്നെ ഉദാഹരണം. ഹാമാനും ഖാറൂനും ഫിർഔനെ പിൻപറ്റിയപ്പോൾ ബനൂഇസ്റാഈല്യരും എന്തിനേറെ സ്വന്തം ഭാര്യയടക്കം ഫിർഔനിന്റെ വാദത്തെ തള്ളുകയും ചെയ്തു.

എന്നാൽ യഹൂദ-ക്രൈസ്തവരിലെ വലിയൊരു വിഭാഗം പ്രത്യേകിച്ചും ക്രൈസ്തവരിലെ ഒരു മഹാ ഭൂരിപക്ഷം തന്നെ അവരുടെ പണ്ഡിത പുരോഹിതന്മാരെ മതനിയമങ്ങളുടെ അടിസ്ഥാന കേന്ദ്രങ്ങളായി കണ്ടു. അല്ലാഹു അനുവദനീയമാക്കിയത് (ഹലാലാക്കിയത്) നിഷിദ്ധമാക്കുവാനും (ഹറാമാക്കുവാൻ) നിഷിദ്ധമാക്കിയത് അനുവദനീയമാക്കുവാനും പണ്ഡിത പുരോഹിതൻമാർക്ക് അവകാശമുണ്ട് എന്ന

വർ വിശ്വസിച്ചു പോന്നു. യഥാർഥത്തിൽ അവരിലൂടെ വെളിപ്പെടുന്നത് സാക്ഷാൽ അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളാണെന്നും അവരുടെ ജൽപന പ്രകാരം ത്രിയേകത്വത്തിലെ ഒരു വ്യക്തിത്വമായ പരിശുദ്ധാത്മാവിനാൽ പ്രചോദിതമായാണ് അവരുടെ സംസാരമെന്നും ക്രൈസ്തവർ വിശ്വസിക്കുകയും മത നേതാക്കളുടെ ജൽപനങ്ങളെ അവർ മതനിയമമായി കണക്കാക്കുകയും ചെയ്യുന്നു.

സത്യനിഷേധം, ബഹുദൈവാരാധന മുതലായവ കടന്നുവരുന്നതിവിടെയാണ്. ഹലാലുകളും ഹറാമുകളും തീരുമാനിക്കാനുള്ള അധികാരം ആർക്ക് കൽപിച്ച് നൽകിയാലും അതവർക്കുള്ള ആരാധനയും (ഇബാദത്ത്) അല്ലാഹുവിൽ പങ്കുചേർക്കലു(ശിർക്ക്)മാണെന്ന് പരിശുദ്ധ ക്വുർആനിലെ (9:31) വചനം ഓതിക്കൊണ്ട് നബിﷺ അനുചരന്മാർക്ക് വിശദീകരിച്ചു കൊടുത്തിട്ടുണ്ട്.

അപൂർവം ചില സന്ദർഭങ്ങളിൽ ജനങ്ങൾ ഭരണാധികാരികൾക്കും ഈ സ്ഥാനം കൽപിച്ചിട്ടുണ്ട്. ഫിർഔനിന്റേത് ഉദാഹരണം. ഭൂരിപക്ഷം ജനങ്ങളും ക്വുർആൻ സൂചിപ്പിച്ച പോലെ ഫിർഔനിന്റെ കിരാതമായ അതിക്രമത്തെ ഭയപ്പെട്ടുകൊണ്ടായിരുന്നു അവനെ അനുസരിച്ചുരുന്നതെങ്കിലും ഒരു ന്യൂനപക്ഷം ദേവനായോ ദൈവത്തിന്റെ പ്രതിപുരുഷനായോ ഫിർഔനിനെ കരുതിപ്പോന്നിട്ടുണ്ട്.

എന്നാൽ ഭരണാധികാരികൾക്കോ ഭരണകൂടത്തിനോ വ്യാപകമായി ഈയൊരു സ്ഥാനം അഥവാ മത നിയമങ്ങൾ നിശ്ചയിക്കുവാനുള്ള അധികാരം കൽപിക്കപ്പെട്ടിട്ടില്ല. അവർ അഥവാ യഹൂദ- ക്രൈസ്തവർ പണ്ഡിത പുരോഹിതന്മാരെ റബ്ബുകളാക്കി എന്ന് പറഞ്ഞിടത്ത് അല്ലാഹു അവർ അവരുടെ രാജാക്കന്മാരെ റബ്ബുകളാക്കി എന്നു പറഞ്ഞില്ല എന്നത് ശ്രദ്ധേയമാണ്.

ഭരണാധികാരത്തിന്റെ സാങ്കേതിത്വങ്ങളിൽ കാലഘട്ടത്തിനനുസരിച്ച വ്യത്യാസങ്ങൾ വന്നുകൊണ്ടിരുന്നെങ്കിലും ആധുനിക-ജനാധിപത്യ-മതേതരത്വ-സോഷ്യലിസ്റ്റ്-റിപ്പബ്ലിക്ക് ഭരണ സംവിധാനങ്ങളിലും ഭരണ കേന്ദ്രങ്ങൾക്ക് മതപരിവേഷം നൽകാൻ

**ഏതെങ്കിലും പ്രത്യേക മതം ഭരണകൂടമോ ഭരണഘടനയോ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുകയില്ല എന്നുമാത്രമല്ല; ജനാധിപത്യ ഭരണകൂടത്തിലെ ഭരണാധികാരികൾക്ക് പോലും അവരുടെ മതവിശ്വാസ പ്രകാരം ഇഷ്ടമുള്ള ദൈവത്തെ ആരാധിക്കുവാനും ഇഷ്ടമുള്ള മതാചാരങ്ങൾ സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം തടയപ്പെടുന്നില്ല എന്നതാണ് യഥാർഥ ജനാധിപത്യത്തിന്റെ അന്തഃസാരം.**

പൊതുജനങ്ങൾ -അവർ ഏതു മതക്കാരാണെങ്കിലും- തയ്യാറായിട്ടില്ല എന്നതാണ് വാസ്തവം. അത് കൊണ്ടാണ് ജനാധിപത്യം ശിർക്കും കുഫ്റുമാണെന്നും ഇസ്‌ലാമുമായി യോജിക്കുന്ന ഒരു പോയിന്റ് പോലും അതിലില്ലെന്നും വാദിച്ച് ജനാധിപത്യ പ്രക്രിയകളിൽ നിന്നും തെരഞ്ഞെടുപ്പിൽ നിന്നും മുസ്‌ലിംകളോട് വിട്ടുനിൽക്കാൻ ആഹ്വാനം ചെയ്ത ഒരു പ്രസ്ഥാനത്തിന്റെ കേരളത്തിലെ അനിഷേധ്യനായ നേതാവിന് ഏറെ വൈകിയാണെങ്കിലും 'ഇന്ത്യയിലെ മുസ്‌ലിംകളാരും തന്നെ നിയനിർമാണത്തിനുള്ള പരമാധികാരം ഭരണകൂടത്തിന് വകവെച്ചു കൊടുക്കുന്നില്ല എന്നും ഇന്ദിരാഗാന്ധിയുടെ ആരാധകർ പോലും ഇന്ദിരാഗാന്ധി അനുവദിക്കുന്നതെന്തും ഹലാലും നിരോധിക്കുന്നതെന്തും ഹറാമുമാണെന്നും വിശ്വസിക്കുന്നില്ല എന്നതിനാൽ അവരാരും ഇന്ദിരാഗാന്ധിക്ക് ഇബാദത്ത് ചെയ്യുന്നില്ല' എന്നും തുറന്ന് പറയേണ്ടി വന്നത്.

വൈകിവന്ന തിരിച്ചറിവാണെങ്കിലും അതാണ് യാഥാർഥ്യം. ഏതു രാഷ്ട്രത്തിലെ ഭരണകൂട നിയമങ്ങളെയും സാമാന്യ ജനങ്ങൾ നോക്കിക്കാണുന്നത് ആരാധനാ ഭാവത്തോടെയല്ല. മതപരമായ നിയമങ്ങളുടെ ഒരു സ്ഥാനവും അവയ്ക്ക് നൽകപ്പെടുന്നുമില്ല. ഭരണകൂടങ്ങളും അങ്ങനെ തന്നെ. തങ്ങൾ രാജ്യത്ത് നടപ്പാക്കുന്ന നിയമങ്ങൾ മതനിയമങ്ങൾ പോലെ കാത്തുസൂക്ഷിക്കേണ്ടതാണെന്നോ അവയെ ആരാധനയോടെ ജനങ്ങൾ കാണേണ്ടതാണെന്നോ ഭരണകൂടവും അനുശാസിക്കുന്നില്ല. മറിച്ച് അതൊരു രാഷ്ട്രത്തിന്റെ നിലപാടുകളെയാണ് സൂചിപ്പിക്കുന്നത്.

ഉദാഹരണത്തിന് ഒരു രാജ്യത്ത് മദ്യം അനുവദനീയമാണ് എന്ന് ഒരു ഭരണകൂടം പ്രഖ്യാപിക്കുമ്പോൾ മദ്യം നിഷിദ്ധമായി കണക്കാക്കിപ്പോരുന്ന ഒരു സമൂഹം ഇനി മുതൽ ആ നിയമം മാറ്റി മദ്യപിക്കുക എന്നത് മഹത്തായ ഒരു ആരാധനയായി കണക്കാക്കേണ്ടതാകുന്നു എന്ന അർഥത്തിൽ അല്ല അത് പ്രഖ്യാപിക്കുന്നത്. മറിച്ച് രാജ്യത്തിന്റെ ദൃഷ്ടിയിൽ അയാൾ മദ്യപിച്ചത് കൊണ്ട് കുറ്റക്കാരനാവുകയില്ല എന്നും അതിനാൽ മദ്യപിച്ചതിന്റെ പേരിൽ ആ രാജ്യത്ത് അയാൾ ശിക്ഷിക്കപ്പെടുകയില്ല എന്നുമാണ് അർഥമാക്കപ്പെടുന്നത്. അതോടൊപ്പം മ

ദ്യശാലകളും മദ്യവിൽപനയും നിബന്ധനകൾക്ക് വിധേയമായി ആ രാജ്യത്ത് അനുവദനീയമാണ് എന്നും അർഥമാക്കപ്പെടുന്നു. അതിനപ്പുറം ഒരു വ്യക്തി മദ്യപിച്ചേ മതിയാകൂ എന്ന് അത് അർഥമാക്കുകയോ അനുശാസിക്കുകയോ ചെയ്യുന്നില്ല. ഓരോ വ്യക്തിക്കും അയാളുടെ മത വിശ്വാസം അനുസരിച്ച് മദ്യപിക്കാതിരിക്കുവാനും അതുമായി ബന്ധപ്പെടുന്ന മേഖലകളിൽ നിന്ന് വിട്ടുനിൽക്കുവാനും അവകാശമുണ്ട്. അതുകൊണ്ടാണ് ഇന്ത്യയിൽ മദ്യം അനുവദനീയമായിരിന്നിട്ടും ഒരു യഥാർഥ മുസ്‌ലിമിന് ഇന്നുവരെ തന്റെ മതവിശ്വാസം തെറ്റിച്ച് നിർബന്ധിതനായി മദ്യപിക്കേണ്ട അവസ്ഥ ഇല്ലാതിരുന്നത്.

മദ്യം ഒരു ഉദാഹരണം മാത്രമാണ്. ഇസ്‌ലാമിന്റെ ഏകദൈവാരാധന മുതൽ ജീവിതത്തിന്റെ നിഖില മേഖലകളിലും പുലർത്തേണ്ടുന്ന, നിലനിർത്തേണ്ടുന്ന ഇസ്‌ലാമിക നിയമങ്ങളെ ജീവിതത്തിൽ പകർത്തി ഒരു യഥാർഥ മുസ്‌ലിമായി ജീവിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു ഭരണഘടന നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ട് തന്നെ ഭരണകൂട നിയമങ്ങൾക്ക് മതപരിവേഷം നൽകേണ്ടുന്ന ഒരു അവസ്ഥ ഇന്ത്യയിലെ മുസ്‌ലിംകൾക്കെന്നല്ല ഒരു പൗരനും ഇല്ല. അവരുടെ മത വിശ്വാസങ്ങളുമായോ ആചാരങ്ങളുമായോ ഏറ്റുമുട്ടുന്ന ഒരു നിയമവും യഥാർഥത്തിൽ ഇന്ത്യയിൽ ഇല്ല. മത വിശ്വാസങ്ങളെയും ആചാരങ്ങളെയും പൊതുജനത്തെ ചൂഷണം ചെയ്യാൻ ഉപയോഗിക്കുന്ന സന്ദർഭത്തിലല്ലാതെ ഭരണകൂടം മനുഷ്യന്റെ മതസ്വാതന്ത്ര്യത്തിൽ കൈകടത്തുന്നില്ല. എന്ന് മാത്രമല്ല ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും പ്രചിപ്പിക്കുവാനും മാന്യമായ രൂപത്തിൽ ആശയ സംവാദം നടത്തുവാനും ആരാധനാലയങ്ങൾ, മത പാഠശാലകൾ തുടങ്ങിയവ സ്ഥാപിക്കുവാനും വ്യക്തിനിയമങ്ങൾ മതമനുശാസിക്കുന്ന രൂപത്തിൽ നിർവഹിക്കുന്ന വിഷയത്തിൽ നിയമ പരിരക്ഷ നൽകുവാനും ഈ ഭരണകൂടത്തിൽ സംവിധാനമുണ്ട് എന്നത് വലിയ അനുഗ്രഹം തന്നെയാണ്. അതിനാൽ തന്നെ ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തിൽ ജീവിക്കുന്ന ഒരു മുസ്‌ലിമിന് ചില തൽപരകക്ഷികൾ പറയുന്നത് പോലെ 'ഭരണകൂടത്തെ അനുസരിക്കുക എന്ന ശിർക്ക്' ചെയ്തുകൊണ്ട് ജീവിക്കേണ്ടുന്ന അവസ്ഥയില്ല.

**ജനാധിപത്യ സംവിധാനത്തെ മതവിശ്വാസികൾക്കും മതവിശ്വാസത്തിനും എതിരിലുള്ള ഒരു സംവിധാനമായി വിലയിരുത്തുകയും ബഹുദൈവാരാധനക്കും മതനിഷേധത്തിനും ഉപയോഗിക്കപ്പെടുന്ന മതത്തിന്റെ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച് അതിനെ നേരിടുകയും ചെയ്യുന്നത് യുക്തിയോ ബുദ്ധിയോ അല്ല എന്ന് മാത്രമല്ല അത് പ്രമാണബദ്ധമോ മതത്തിന്റെ അന്തഃസത്തക്ക് നിരക്കുന്നതോ അല്ല.**

അല്ലാഹു ഹലാലാക്കിയതിനെ ഹറാമാക്കുവാനോ നേരെ തിരിച്ചോ ഉള്ള അവകാശം സൃഷ്ടികൾക്ക് വകവെച്ച് കൊടുക്കുമ്പോഴാണ് അവിടെ ഇബാദത്തും അതുവഴി ശിർക്കും കടന്നു വരുന്നത് എന്ന് മഹാനായ പ്രവാചകൻﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മതത്തിന്റെ സാങ്കേതിക ഭാഷയിൽ അതിന് 'ഇസ്തിഹ്‌ലാൽ' എന്നാണ് പറയുക. അല്ലാഹു മതനിയമമായി പഠിപ്പിച്ച ഒന്നിനെ മാറ്റിമറിക്കാനുള്ള അധികാരം ഒരാൾക്ക് കൽപിച്ച് നൽകുമ്പോഴും അത്തരം വ്യക്തികളുടെ നിയമങ്ങൾക്ക് ദൈവികതയോ അപ്രമാദിത്വമോ കൽപിക്കുമ്പോഴും മാത്രമാണ് അവിടെ ശിർക്ക് കടന്നുവരുന്നത്. ഇത്തരം ഒരു സ്ഥാനം വ്യക്തിക്കോ, കൂട്ടായ്മക്കോ, ഭരണകൂടത്തിനോ, പണ്ഡിതന്മാർക്കോ ആർക്ക് തന്നെ കൽപിച്ച് നൽകിയാലും അത് 'ഇസ്തിഹ്‌ലാലി'നുള്ള അവകാശം അവർക്ക് നൽകലും അത്‌വഴി അത് ശിർക്കായിത്തീരുന്നതുമാണ്.

എന്നാൽ ഏതെങ്കിലും ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെയോ ഭരണകൂടത്തിന്റെയോ പ്രേരണകൾക്ക് വഴങ്ങി, എന്നാൽ യാതൊരു അപ്രമാദിത്വവും കൽപിക്കാതെ തൃപ്തിയോടെ ഒരു തിന്മയിൽ മേൽപറഞ്ഞവരെ അനുസരിച്ചാൽ അതൊരു പാപം മാത്രമെ ആയിത്തീരുന്നുള്ളൂ. ഇസ്‌ലാം സാങ്കേതികാർഥത്തിൽ പരിചയപ്പെടുത്തിയ ശിർക്ക് അവിടെ കടന്നുവരുന്നില്ല. ഇനി തൃപ്തിയോടെയല്ലാതെ നിർബന്ധിക്കപ്പെട്ടുകൊണ്ടാണ് ഒരാൾ തെറ്റ് ചെയ്യുന്നതെങ്കിലോ അതൊരു പാപമായിപ്പോലും പരിഗണിക്കപ്പെടുകയില്ല.

ഇനി ഏതെങ്കിലും വിഷയത്തിൽ ഇന്ത്യയിലെ എല്ലാ ജനങ്ങളെയും ഒരേപോലെ ബാധിക്കുന്ന വല്ല കാര്യത്തിലും നിർബന്ധിതരായിക്കൊണ്ട് വല്ലതും ചെയ്യേണ്ടി വന്നാൽ പോലും അത് മനഃസംതൃപ്തിയോടെയല്ലാത്തതിനാൽ അവർ കുറ്റക്കാരാവുകയില്ല എന്നതും മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ പെട്ടതാണ്. അതുകൊണ്ടാണ് നിർബന്ധിതനായ ഒരു വ്യക്തി വല്ല വാജിബും ഒഴിവാക്കിയാൽ അവനെ 'വാജിബ് ഒഴിവാക്കിയവൻ' എന്ന അർഥത്തിൽ അധിക്ഷേപിക്കാൻ പാടില്ല എന്നും അപ്രകാരം തന്നെ നിർബന്ധിതനായി

ക്കൊണ്ട് ഒരു ഹറാം ചെയ്യേണ്ടി വന്നാൽ 'ഹറാം ചെയ്തവൻ' എന്നും ആരോപിക്കാൻ പാടില്ലെന്നും മഹാൻമാരായ പണ്ഡിതൻമാർ നമുക്ക് പറഞ്ഞു തന്നിട്ടുള്ളത്. "അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല..." (2: 286), "അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക..." (64:16) എന്നീ ക്വുർആൻ വചനങ്ങൾ പ്രകാരം വിശദീകരിക്കപ്പെട്ടിട്ടുള്ള ഇത്തരം തത്ത്വങ്ങൾ മതത്തിന് പുറത്തല്ല മറിച്ച് മതത്തിന് അകത്താണ് എന്നാണ് നാം മനസ്സിലാക്കേണ്ടത്.

ഉദാഹരണം: പലിശ. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അയാൾക്ക് ഹറാമായ പലിശയിടപാടിൽ നിന്നും മറ്റു ധാരാളം മേഖലകളിൽ നിന്നും സ്വമേധയാ വിട്ടുനിൽക്കാൻ സാധിക്കുന്നതാണ്. എന്നാൽ രാജ്യത്തിന്റെ പൊതു നിയമമനുസരിച്ച് വല്ല പലിശയും നിർബന്ധിതനായി നൽകേണ്ടി വരുന്ന സന്ദർഭങ്ങളിൽ അയാൾ പാപിയായി ഗണിക്കപ്പെടുകയില്ല. ഇനി നിർബന്ധിതമായി വല്ലതും പലിശയിനത്തിൽ വന്നാൽ അതിൽ നിന്ന് വിടുതൽ നേടാനുള്ള മാർഗവും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. പൊതു ശിക്ഷാ നിയമങ്ങളും മറ്റുമാകട്ടെ അത് സാധാരണക്കാരന്റെ റോൾ അല്ലാത്തതിനാൽ ആ വിഷയത്തിലും ഒരു മുസ്‌ലിം പൗരൻ കുറ്റക്കാരനല്ല. എന്നിരിക്കെ ഇന്ത്യയെപ്പോലെയുള്ള ഒരു ജനാധിപത്യ രാജ്യത്തെ മുസ്‌ലിമിന്റെ മേൽ ശിർക്കും മതവിരുദ്ധതയും ആരോപിക്കുന്നത് തികഞ്ഞ അക്രമവും അനീതിയും മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കും അന്തഃസത്തക്കും നിരക്കാത്തതുമാണ്.

ഇന്ത്യയുടെ ഭരണസാരഥ്യം വഹിക്കുന്നിടത്തും കുഞ്ചിക സ്ഥാനങ്ങൾ വഹിക്കുന്നിടത്തും മറ്റെല്ലാ ഉദ്യോഗങ്ങളും കൈകാര്യം ചെയ്യുന്നിടത്തും ഒരു മുസ്‌ലിമിന് യഥാർഥ മുസ്‌ലിമായിക്കൊണ്ട് തന്നെ അതൊക്കെ നിർവഹിക്കാവുന്നതാണ്. കാരണം പ്രധാനമന്ത്രി, പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ മുതൽ മറ്റേതൊരു മേഖലയാണെങ്കിലും ഭരണഘടന വിഭാവനം ചെയ്യുന്ന രൂപത്തിൽ പ്രവർത്തിക്കാൻ മാത്രമെ അവർക്ക് സാധിക്കുകയുള്ളൂ. പൗരന്റെ അടിസ്ഥാന മൗലിക അവകാശങ്ങളിൽ മാറ്റം വരുത്താൻ സാധിക്കാത്തത് കൊണ്ട് തന്നെ പ്രധാനമന്ത്രിയാവുന്നത് ഹിന്ദുവോ മുസ്‌ലിമോ ക്രിസ്ത്യാനിയോ എന്നത് ഇന്ത്യൻ ജനാധിപത്യത്തിൽ പ്രത്യേകം പ്രസക്തമല്ല. അതുകൊണ്ടാണ് 'കുഫ്‌റിന്റെയും' 'ശിർക്കിന്റെയും' പേര് പറഞ്ഞ്, ഇന്ത്യയുടെ പ്രധാനമന്ത്രിയോ പ്രസിഡന്റോ ആകുന്നതിനെക്കാൾ ഭേദം പ്രാസ്ഥാനിക ഓഫീസിലെ പ്യൂണാവലാണ് തുടങ്ങിയ വിതണ്ഡവാദങ്ങളിലൂടെ തെരഞ്ഞെടുപ്പിൽ നിന്നും ജനാധിപത്യ പ്രക്രിയകളിൽ നിന്നും മുസ്‌ലിംകളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചവർ ഭീമാബദ്ധവും പരമാബദ്ധവും ആണ് പ്രവർത്തിച്ചത് എന്ന് നാം പറയുന്നത്. ഇസ്‌ലാമിക തത്ത്വങ്ങളിലുള്ള അടിസ്ഥാനപരമായ അറിവില്ലായ്മയാണ് ഇത്തരം അബദ്ധങ്ങൾ പറയാനും പ്രവർത്തിക്കാനും അവർക്ക് കാരണമായിത്തീർന്നത്.

ഒരാൾ തനിക്ക് സാധിക്കുന്നത്ര നന്മ ഉണ്ടാക്കാൻ ശ്രമിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനകാര്യങ്ങളിൽ (ഉസ്വൂലുകളിൽ) പെട്ട ഒരു പ്രധാന തത്ത്വമാണ്. "...എനിക്ക് സാധ്യമായത്ര നന്മ വരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല..."(11:88) എന്നതാണ് പ്രവാചകൻമാർ പോലും പറഞ്ഞ തത്ത്വം. പരിപൂർണമായും നന്മ സ്ഥാപിക്കാനോ പരിപൂർണമായും തിന്മയെ വിപാടനം ചെയ്യുവാനോ ഒരാൾക്ക് സാധിച്ചു കൊള്ളണം എന്നില്ല. എന്നാൽ തന്നാൽ കഴിയുന്ന നന്മകൾ സ്ഥാപിക്കുവാനും അതിൽ മറ്റുള്ളവരെ സഹായിക്കുവാനും തന്നാൽ കഴിയുന്ന തിന്മകളെ തടയുവാനും ഒരാൾ ശ്രമിക്കേണ്ടതാണ്. യൂസുഫ്(അ) ഈജിപ്തിൽ ഒരു അനിസ്‌ലാമിക ഭരണകൂടത്തിൽ തനിക്ക് അനുയോജ്യമായ ഒരു മേഖല തിരഞ്ഞെടുത്ത് സാധിക്കുന്നത്ര നന്മകൾ സ്ഥാപിക്കാൻ ശ്രമിച്ചത് ഈ വിഷയത്തിലെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇന്ത്യയിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതും സ്ഥാനാർഥിയായി നിൽക്കുന്നതും മറ്റു മേഖലകളിൽ പരമാവധി സാന്നിധ്യം ഉറപ്പുവരുത്താൻ ശ്രമിക്കുന്നതും മതേതര ജനാധിപത്യ മൂല്യങ്ങളിൽ ഉറച്ച് വിശ്വസിക്കുന്ന ഏതൊരാളെയും ജാതിമത ഭേദമന്യെ ഭരണത്തിൽ കൊണ്ട് വരാൻ വോട്ടു ചെയ്യുന്നതുമൊക്കെ ഒരു മുസ്‌ലിമിന് ചെയ്യാവുന്ന ഏറ്റവും നല്ല, പ്രതിഫലാർഹമായ പുണ്യകർമങ്ങളാകുന്നു. ആയതിനാൽ സർവർക്കും മത സ്വാതന്ത്ര്യവും ജീവിക്കുവാനുള്ള സ്വാതന്ത്ര്യവും ഉറപ്പ് നൽകുന്ന ഇന്ത്യൻ ജനാധിപത്യം ദൈവ നിഷേധമോ ബഹുദൈവത്വമോ അല്ല. മറിച്ച് മഹത്തായ അനുഗ്രഹമാണ്. അത് നിലനിർത്താൻ വേണ്ടി പ്രവർത്തിക്കൽ കുഫ്‌റിനെയോ ശിർക്കിനെയോ നിലനിർത്താൻ വേണ്ടി സഹായിക്കലുമല്ല. മറിച്ച് മഹത്തായ പുണ്യകർമമാണ്. എന്നാൽ മുരട്ട് തത്ത്വവാദങ്ങൾ പറഞ്ഞ് മുസ്‌ലിം സമൂഹത്തെ ജനാധിപത്യ-രാഷ്ട്ര നിർമാണ പ്രക്രിയകളിൽ നിന്നു തടയാൻ ശ്രമിച്ചവർക്ക് ഇപ്പോൾ നേരം വെളുക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് സന്തോഷദായകമാണ്. **(അവസാനിച്ചില്ല)** ●

ത്വാഹാ റഷാദ്
thwaharashad@gmail.com

ലേഖനം



# ഹിംസയിലാറാടുന്ന അഹിംസാവാദികൾ

'സമാധാനം മനസ്സിൽ നിന്നുണ്ടാവേണ്ടതാണ്; അതില്ലാതെ അതിനെ പ്രതീക്ഷിക്കരുത്' എന്ന് പറഞ്ഞ ബുദ്ധന്റെ അനുയായികൾ മ്യാൻമറിൽ സമാധാനത്തിനു പകരം മരണം വിതച്ചുകൊണ്ടിരിക്കുകയാണിന്ന്.

ഭിക്കു(ഭിക്ഷു)വിന്റെ പാത്രം ഒരു മുസ്‌ലിം കുരുന്ന് അറിയാതെ തൊട്ടുപോയതിൽ തുടങ്ങിയ രണ്ട് ദിവസത്തെ മുസ്‌ലിം വേട്ടയുടെ കഥ പണ്ട് വായിച്ചതോർക്കുന്നു. മുസ്‌ലിം സ്ഥാപനങ്ങളിൽ കൊള്ള നടത്തിയതും പള്ളികൾ ആക്രമിച്ചതും മരിക്കാൻ നേരത്ത് വെള്ളത്തിനപേക്ഷിച്ചവരെ ചൂണ്ടി 'വെള്ളമില്ല, അവൻ മരിക്കട്ടെ' എന്നാർത്തട്ടഹസിച്ച് സമാനതകളില്ലാത്ത ക്രൂരത കാണിച്ചതിന്റെ വീഡിയോയും[1] സന്യാസ മതത്തിന്റെ അനുയായികളിലെ 'മാര'യുടെ (ബുദ്ധനെ വഴി തെറ്റിക്കാൻ ശ്രമിച്ച പിശാച്) വീഥി തുറന്നു കാട്ടുന്നു.

അന്താരാഷ്ട്ര മാനുഷിക നിയമങ്ങളെ കാറ്റിൽ പറത്തി വംശീയ ന്യൂനപക്ഷങ്ങൾക്കെതിരെ ബർമീസ് ആർമി അഴിച്ചുവിട്ട അക്രമങ്ങൾക്ക് കുടപിടിച്ച State Peace & Develepment Council (SPDC) യുടെ പേരിലും സമാധാനം കുടിയിരിക്കുന്നത്[2] വിരോധാഭാസമാണെന്ന് പറയാതെ വയ്യ.

ആൾക്കൂട്ട മർദനങ്ങൾക്കും സൈനിക ആക്രമണങ്ങൾക്കും ഇരയായവർക്ക് അന്താരാഷ്ട്ര സമൂഹം നൽകുന്ന സഹായങ്ങൾ പോലും വിലക്കുന്ന അ'ധർമ'ഘോഷകരുടെ കിരാതത്വം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഹീനയാന -മഹായാന വേർതിരിവ് മുതൽ ശക്തമായ ആന്തരിക സംഘർഷങ്ങൾ ബുദ്ധവിയോഗം മുതൽ തന്നെ പുലർത്തുന്ന അകവും പുറവും രണ്ടു നിറമുള്ള സംവിധാനത്തെയാണോ ഗയയിലും സാഞ്ചിയിലും അമരാവതിയിലും നാഗർജുനകൊണ്ടയിലും സാരാനാഥിലും സ്തൂപങ്ങളായും വിഹാരകളായും ലോകം സ്മരിക്കുന്നത്?

ബുദ്ധമതത്തിന്റെ ആധികാരിക രേഖകളായി കണക്കാക്കുന്ന വിനയപീഠക(Vinaya Pitaka), സുത്രപീഠക(Sutta Pitaka), അഭിധർമപീഠക (Abhidamma Pitaka) എന്നിവയും ഹീനയാന വിഭാഗത്തിന്റെ വിഭാഷകളും(Vibhasahas) ധർമത്തിനു വഴി കാണിക്കുന്നു. ആഗ്രഹങ്ങളെ ഇല്ലായ്മ ചെയ്തവരെന്നും അതിനാൽ തന്നെ നിരാശയില്ലാത്തവരെന്നും ഭിക്ഷു-ഭിക്ഷുണിമാരടങ്ങുന്ന സന്യാസിമാർ അവകാശപ്പെടുന്നു. എന്നാൽ ബുദ്ധന്റെ മരണശേഷം സപ്തപർനിയിൽ ചേർന്ന ഒന്നാം ബുദ്ധിസ്റ്റ് സഭയിൽ വിനയപീഠക, സുത്രപീഠക എന്നിവ രചിക്കപ്പെടുകയും തുടർന്ന് വൈശാലിയിൽ ചേർന്ന രണ്ടാം ബുദ്ധിസ്റ്റ് സഭയിൽ സ്ഥാവിരവാദിൻ, മഹാസംഘിക എന്നീ കക്ഷികളാകുകയും ചേരിതിരിയുകയും അശോക രാജാവിന്റെ കാലത്ത് പാടലീപുത്രയിൽ ചേർന്ന സഭയിൽ പരസ്പരം പുറത്താക്കുകയും ചെയ്ത വിവിധ കക്ഷികളുടെ മുഴുനാമാണ് ഇന്ന് ബുധസമൂഹം[3] എന്നറിയുമ്പോഴാണ് നിരാശയും പ്രയാസവുമില്ലാത്ത നെഗ്ലിജൻസ് മതത്തിന്റെ പിന്മുറക്കാരുടെ വിശുദ്ധി നാം തിരിച്ചറിയുന്നത്

DKBA[4] സമരസേനക്ക് ശേഷം കൃത്യമായ മുസ്‌ലിം വിരോധത്തിൽ അജണ്ടയെഴുതി ജന്മമെടുത്ത 969 മൂവ്മെന്റിന്റെ ലക്ഷ്യം ബുദ്ധിസ്റ്റ് ബർമ എന്നതിലുപരി ഇസ്‌ലാമിന്റെ തകർച്ചയായിരുന്നു. ബുദ്ധപുണ്യം, ബുദ്ധിസ്റ്റ് ആചാരങ്ങൾ, സംഘം എന്നിവയെ സൂചിപ്പിക്കുന്ന 969[5] അഥവാ ബുദ്ധം-ധർമം-സംഘം എന്ന ത്രിരത്ന സിദ്ധാന്തം. ഈ സംഘടനയെ മുസ്‌ലിം വിരുദ്ധമെന്നും ഇസ്‌ലാമോഫോബിക് എന്നും ലോകം കുറ്റപ്പെടുത്തിയിട്ടും അംഗങ്ങളായി ചേരാനും സംഘടിക്കാനും അനുയായികളെ ആവോളം ലഭിച്ചു എന്നത് തെക്കുകിഴക്കൻ ഏഷ്യയുടെ മുറിവായി ഇന്നും അവശേഷിക്കുന്നു.

ഏറെ രസകരം 969 മൂവ്മെന്റ് മുന്നോട്ട് വെച്ച സംഖ്യാശാസ്ത്രമാണ്. ശക്തമായ ഇസ്‌ലാം വിരോധത്തിന്റെ നേർചിത്രമാണ് നമുക്കിവിടെ കാണാനാകുക. ദക്ഷിണേഷ്യയിലെ മുസ്‌ലിംകൾ പൊതുവിൽ 786 എന്ന സംഖ്യയെ (ഈ സംഖ്യയുമായി ഇസ്‌ലാമിന് യാതൊരു ബന്ധവുമില്ല) വാഴ്ത്തുന്നത് 7+8+6=21, 21-ാം നൂറ്റാണ്ടിൽ ഇസ്‌ലാം ബർമ കീഴടക്കുമെന്നതിന്റെ പ്രഖ്യാപനമാണെന്നും അതിനെതിരെയുള്ള പ്രതിരോധമാണ് 969 മൂവ്മെന്റ്[6] എന്നുമുള്ള വിചിത്ര വാദമാണ് സംഘടനയിൽ അംഗങ്ങളെ ചേർക്കാൻ കണ്ടെത്തിയ നയം എന്ന് അലക്സ് ബുക്ബൈൻഡർ പ്രസ്താവിക്കുന്നു

രാഖിനെ ബുദ്ധിസ്റ്റുകൾക്ക് നേരെയുള്ള ബംഗാളി തീവ്രവാദികളുടെ ആക്രമണം ചെറുക്കുക എന്ന ലക്ഷ്യമാണ് സംഘടനക്കുള്ളത് എന്ന് വർഷങ്ങൾക്കു മുമ്പ് ലോകത്തിന്റെ ചോദ്യത്തിന് മ

**നാടുവിട്ട് രക്ഷപ്പെടാൻ അനുമതിയുണ്ടായിട്ടും ബർമീസ് ജനങ്ങൾക്ക് വേണ്ടി ആയുസ്സിൽ നിന്ന് പതിനഞ്ചിലേറെ വർഷങ്ങൾ ത്യജിച്ച ധീരവനിതയെന്ന് ലോക മാധ്യമങ്ങൾ വാഴ്ത്തിയ, ആധുനിക മ്യാന്മറിന്റെ പിതാവ് ഓംഗ് സാനിന്റെ മകൾക്ക് രോഹിംഗ്യൻ മുസ്‌ലിംകൾ അനുഭവിക്കുന്ന യാതനകളും വേദനകളും അറിയാനും പ്രതികരിക്കാനുമുള്ള ശേഷി നഷ്ടപ്പെട്ടെങ്കിൽ അതിനു പിന്നിൽ ചില കഥകളുണ്ട്. സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും വിലങ്ങിടുന്ന ദർശനം വരിച്ചവർ നീതിയും മനുഷ്യത്വവും ബലി നൽകുമ്പോൾ കാടത്തം ഭരണത്തിലേറി എന്നേ പറയാനാകൂ.**

റുപടിയായി ഇവർ പറഞ്ഞതും 'രാഖിലെ തീവ്രവാദികൾ' എന്നെഴുതിവിടുന്ന മലയാള നാട്ടിലെ കാവിപ്പത്രങ്ങളും ഒരുമിച്ചു വായിക്കുമ്പോൾ രോഹിംഗ്യൻ കൂട്ടക്കുരുതിക്ക് ഒരു റെഡിമെയ്ഡ് ന്യായീകരണം മണക്കുന്നു. മുസ്‌ലിംകൾക്കെതിരെ 'ബർമീസ് ബിൻലാദൻ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന അഷിൻ വിരാതുവിന്റെ ജൽപനങ്ങളും പ്രവർത്തനങ്ങളും മാനുഷിക വിരുദ്ധവും വിഷമയവുമായിരുന്നു. മ്യാന്മറിൽ വർഗീയധ്രുവീകരണത്തിനു ബർമീസ് തീവ്രവാദികൾക്ക് മുന്നിൽ നിന്നതും അദ്ദേഹമായിരുന്നു.

'അവരെ സ്വതന്ത്രമായി മതം ആചരിക്കാൻ അനുവദിച്ചത് നാം ബുദ്ധിസ്റ്റുകളാണ്. അധികാരം ഒരിക്കൽ മുസ്‌ലിംകൾക്ക് ലഭിച്ചാൽ ബുദ്ധമതം ആചരിക്കാൻ അവർ നമ്മെ അനുവദിക്കില്ല... ഈ മുസ്‌ലിംകൾ നമ്മുടെ രാജ്യത്തെ ഭൂമിയും കെട്ടിടങ്ങളും വാങ്ങിക്കൂട്ടുന്നു. നമ്മുടെ പെൺകുട്ടികളെ അവർ കാശ് കൊടുത്തു വാങ്ങുന്നു.' തലമുറകളായി ബുദ്ധ-മുസ്‌ലിം സമൂഹങ്ങൾ സൗഹാർദത്തിലും സ്നേഹത്തിലും കഴിഞ്ഞിരുന്ന മിക്തില എന്ന പ്രദേശത്ത് വർഗീയ ലഹളയുണ്ടായതിന്റെ പിന്നിൽ ഈ വിദ്വേഷ-വിഷ പ്രസംഗത്തിനു മുഖ്യപങ്കുണ്ടായിരുന്നു.[7] ബുദ്ധമതത്തിന്റെ അടിസ്ഥാനമായ അഷ്ടാംഗമാർഗയിലെ എട്ട് നേർവഴികളും വിസ്മരിച്ചുള്ള ഭീകരപ്രവർത്തനങ്ങളാണ് അൽപ വസ്ത്രവേഷത്തിനും ചതുർസത്യം (Four Noble Truths) എന്ന താരാട്ടുപാട്ടിനും പാശ്ചാത്യലോകത്ത് മൊട്ടിട്ടുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ലേണിംഗ് സെന്ററുകൾക്ക് പുറകിലും മറഞ്ഞിരിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

പതിനഞ്ചു വർഷത്തെ വീട്ടുതടങ്കലിൽ നിന്ന് മോചിതയായ സമാധാനത്തിനുള്ള നോബൽ ജേ




താവും ഡൽഹി, ഓക്സ്ഫോർഡ്, ലണ്ടൻ ബിരുദധാരിയുമായ സുചി നേതൃത്വം നൽകിയ നാഷണൽ ലീഗ് ഫോർ ഡെമോക്രസി (NLD) 2015ൽ വലിയ മാർജിനിൽ അധികാരത്തിലെത്തിയിട്ടും റോഹിംഗ്യൻ മുസ്‌ലിംകൾക്ക് അംഗീകാരം നൽകാനോ അവരുടെ നൊമ്പരങ്ങളും പരാതികളും കേൾക്കാനോ പരിഹരിക്കാനോ വർഷാ വർഷം നടന്നുകൊണ്ടിരിക്കുന്ന ആർമിയുടെ ആസൂത്രിത കൊലപാതകങ്ങൾക്കും ബലാൽസംഗങ്ങൾക്കും എതിരിൽ ഒന്ന് ശബ്ദിക്കാൻ പോലും സാധിക്കാതെ, അല്ലെങ്കിൽ അതിന് തയ്യാറാകാതെ നിൽക്കുന്ന പ്രഥമ സ്റ്റേറ്റ് കൗൺസിലർ സുചിയും പ്രതിക്കൂട്ടിൽ തന്നെയാണ്. നോബൽ എന്ന തിലകമല്ല, മുഖം നോക്കാതെ നടപടിയെടുക്കാനുള്ള ആർജവമാണ് ഒരു നേതാവിനുണ്ടാകേണ്ടത്. 1990ൽ സംഭവിച്ചത് സുകി ഭയക്കുന്നു എങ്കിൽ സൈന്യത്തെ പ്രീതിപ്പെടുത്തി എത്ര നാൾ ഭരിക്കാനാകും എന്ന ചോദ്യം ബാക്കിയാണ്.

നാടുവിട്ട് രക്ഷപ്പെടാൻ അനുമതിയുണ്ടായിട്ടും ബർമീസ് ജനങ്ങൾക്ക് വേണ്ടി ആയുസ്സിൽ നിന്ന് പതിനഞ്ചിലേറെ വർഷങ്ങൾ ത്യജിച്ച ധീരവനിതയെന്ന് ലോക മാധ്യമങ്ങൾ വാഴ്ത്തിയ, ആധുനിക മ്യാന്മറിന്റെ പിതാവ് ഓംഗ് സാനിന്റെ മകൾക്ക് രോഹിംഗ്യൻ മുസ്‌ലിംകൾ അനുഭവിക്കുന്ന യാതനകളും വേദനകളും അറിയാനും പ്രതികരിക്കാനുമുള്ള ശേഷി നഷ്ടപ്പെട്ടെങ്കിൽ അതിനു പിന്നിൽ ചില കഥകളുണ്ട്. സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും വിലങ്ങിടുന്ന ദർശനം വരിച്ചവർ നീതിയും മനുഷ്യത്വവും ബലി നൽകുമ്പോൾ കാടത്തം ഭരണത്തിലേറി എന്നേ പറയാനാകൂ. ഒരു ബുദ്ധിസ്റ്റ് അക്രമം എന്നതിലുപരി ഈ ഫാസിസ്റ്റ് അക്രമങ്ങളുടെയെല്ലാം പിന്നിൽ ഇസ്രായേലിന്റെ കരം നിഴലിച്ചു കാണുമ്പോഴാണ് ആസൂത്രിത ആഗോള അജണ്ടകൾ വ്യക്തമാകുന്നത്. മുതലാളിത്തവും കൊലപാതകവും ചേർന്നതാണ് ഫാസിസം എന്ന അമേരിക്കൻ എഴുത്തുകാരൻ അപ്റ്റൺ സിൻക്ലെയറിന്റെ നിർവചനം ഏറെ പ്രസക്തമാണ്.

ഒരേ വർഷം ബ്രിട്ടൻ അധികാരം പതിച്ചു നൽകിയ രണ്ട് രാഷ്ട്രങ്ങളാണ് ഇസ്രയേലും മ്യാന്മറും. മിഡിൽ ഈസ്റ്റിൽ അസ്ഥിരത വിതച്ചു കൊണ്ട് രൂപം കൊണ്ട ഇസ്രയേൽ എന്ന രാജ്യത്തെ അംഗീകരിക്കാതെ ദക്ഷിണേഷ്യൻ രാഷ്ട്രങ്ങൾ മടിച്ചു നിന്നപ്പോൾ ആദ്യമായി ഇസ്രയേലിനു സ്വാഗതമോതിയതും മ്യാന്മർ തന്നെയായിരുന്നു. ടെൽ അവീവിലും യാങ്കൂനിലും എമ്പസികളായി. ആദ്യമായി ഇസ്രയേൽ സന്ദർശിച്ച വിദേശ പ്രധാനമന്ത്രിയും മ്യാന്മറിന്റെ ഉനു ആയിരുന്നു. അന്താരാഷ്ട്ര സഹകരണത്തിനുള്ള ഇസ്രയേലിന്റെ Mashav ഏജൻസി മ്യാന്മറിലെ ആരോഗ്യം, വാണിജ്യം, വിദ്യാഭ്യാസം, ടൂറിസം എന്നിങ്ങനെ സർവ മേഖലകളിലും സഹായിച്ചു കൊണ്ടേയിരിക്കുന്നു. നർഗീസ് സൈക്ലോൺ നാശം വിതച്ചപ്പോൾ മ്യാന്മറിൽ ആദ്യമെത്തിയ സഹായം അമേരിക്കൻ-ജ്യൂയിസ്റ്റ് ജോയിന്റ് ഡിസ്ട്രിബ്യൂഷൻ കമ്മിറ്റിയുടെതായിരുന്നു എന്നിങ്ങനെയുള്ള ഇസ്രയേൽ എംബസി റെക്കോർഡുകളും അതിൽ പരാമർശിക്കാത്ത മിലിട്ടറി, ടെക്നോളജിക്കൽ സഹായങ്ങളെ കുറിച്ചുള്ള യു.എസ് അംബാസഡർ ഡാനിയേൽ സോഹാർ സെൻശൈന്റെ സൂചനകളും[8] രാഖിനെയിൽ ബർമീസ് ഫോഴ്സിന് നൽകിയ മിലിട്ടറി ട്രെയ്നിംഗും എല്ലാം വ്യക്തമാകുന്നത് മ്യാന്മറിലെ ഫാസിസ്റ്റ് അക്രമങ്ങൾക്ക് പിന്നിലും ജൂതലോബിയുടെ കാണാകരങ്ങളുണ്ട് എന്നതാണ്. മ്യാന്മറിന് പുറമെ ശ്രീലങ്കയിലും തായ്‌വാനിലും മുമ്പ് നടന്ന സമാന മനുഷ്യാവകാശ ധ്വംസനങ്ങൾ മതവും മതരാഷ്ട്രവാദവും രണ്ടു കോണിൽ നിൽക്കുന്നു എന്നതിന്റെ ബുദ്ധിസ്റ്റ് ഉദാഹരണങ്ങളാണ്. രാജകീയ സുഖവും അധികാരത്തിന്റെ ചെങ്കോലും വലിച്ചെറിഞ്ഞ ശ്രീബുദ്ധനെ ഗുരുവായി വരിച്ചവർ മതരാഷ്ട്രത്തിനായി മുറവിളികൂട്ടി കൂട്ടക്കുരുതി നടത്തുന്നത് രാഷ്ട്രീയ-മുതലാളിത്ത ലക്ഷ്യങ്ങൾക്ക് വേണ്ടിയാണെന്നത് പകൽ പോലെ തെളിഞ്ഞിരിക്കുന്നു.

**Ref:**

1. www.theguardian.com/world/2013/apr/22
2. Elaine Pearson (6 Aug 2008) HRW
3. Introduction to Indian Culture, Muhammad shameer Kaipangara, 2015
4. Democratic Karen Buddhist Army
5. Seattle Times 21/6/2013
6. Alex Bookbinder, The Atlantic, 9/4/2013
7. The National 29/3/2013
8. Mizzima TV 22/4/2016

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം

ബാലപഥം

ആശയ വിവർത്തനം



# ബെൽറ്റ്

**നി**ഹാൽ ഒരു വികൃതിക്കുട്ടിയാണ്. വഴക്കാളിയും പരുക്കൻ സ്വഭാവക്കാരനുമായ അവൻ സഹോദരങ്ങളെ ഉപദ്രവിക്കുന്നതിൽ ഒരു മടിയുമില്ലാത്തവനാണ്. അവന്റെ ഈ സ്വഭാവം അവന്റെ ഉമ്മയെ ഏറെ വേദനിപ്പിച്ചിരുന്നു. അവർ എപ്പോഴും അവനെ ഉപദേശിക്കും:

"പൊന്നു മോനേ, മറ്റുള്ളവരെ ഇങ്ങനെ വേദനിപ്പിക്കരുത്. ആരോടും പരുഷമായി പെരുമാറരുത്."

പക്ഷേ, നിഹാൽ തന്റെ ഭാഗത്ത് തെറ്റുണ്ടെന്ന് സമ്മതിക്കില്ല.

അവൻ പറയും: "അത് എന്റെ തെറ്റല്ല. ഞാൻ തെറ്റായി ഒന്നും ചെയ്യുന്നില്ല. അവർ എന്നെ ദേഷ്യപ്പെടുത്തുന്നത് കൊണ്ടാണ് ഞാൻ അങ്ങനെയൊക്കെ പെരുമാറുന്നത്."

ഒരു ദിവസം രാവില ഉമ്മ അവനോട് പറഞ്ഞു:

"മോനേ, ഇന്ന് വൈകുന്നേരം വരെ നീ ആരോടും വഴക്കിടാതിരുന്നാൽ ഞാൻ ഒരു സമ്മാനം തരും."

നിഹാൽ ചോദിച്ചു: "അന്ന് ഞാൻ ആവശ്യപ്പെട്ടിട്ടും വാങ്ങിത്തരാതിരുന്ന ആ ബെൽറ്റ് വാങ്ങിത്തരുമോ?"

"തീർച്ചയായും വാങ്ങിത്തരും" ഉമ്മ ഉറപ്പ് കൊടുത്തു.

ഈ സംഭാഷണമെല്ലാം നിഹാലിന്റെ സഹോദരങ്ങളും കേൾക്കുന്നുണ്ടായിരുന്നു. അവർ അവനെ പല രൂപത്തിലും പ്രകോപിപ്പിക്കുവാൻ ശ്രമിച്ചു. നിഹാലിന് കടുത്ത ദേഷ്യം വരാതിരുന്നില്ല. എല്ലാവരെയും ചീത്ത പറയാനും അടിക്കാനുമൊക്കെയുള്ള അരിശം വരുന്നുണ്ട്. പക്ഷേ, അവൻ അതെല്ലാം അടക്കിപ്പിടിച്ചു. ഇന്നത്തേക്ക് മനസ്സിനെ നിയന്ത്രിച്ചേ തീരൂ. ഇല്ലെങ്കിൽ മനോഹരമായ ആ ബെൽറ്റ് ഉമ്മ വാങ്ങിത്തരില്ല.

വൈകുന്നേരം വരെ അവൻ അങ്ങനെ കഴിഞ്ഞു കൂടി. വൈകുന്നേരമായപ്പോൾ ഉമ്മ അവനോട് പറഞ്ഞു:

"ഒരു ബെൽറ്റിനു വേണ്ടി നിന്നെ നിയന്ത്രിക്കാനും ഉമ്മയെ അനുസരിക്കാനും നിനക്ക് കഴിയുമെന്ന് നീ തെളിയിച്ചിരിക്കുന്നു. എങ്കിൽ സ്രഷ്ടാവായ അല്ലാഹുവിനെ ഓർത്ത് നിനക്ക് എപ്പൊഴും ഇങ്ങനെ നല്ല കുട്ടിയായി ജീവിച്ചു കൂടേ? അല്ലാഹു പ്രതിഫലമായി നൽകുക ബെൽറ്റു പോലുള്ള നിസ്സാര വസ്തുവല്ല.സ്വർഗമാണ്, സ്വർഗം."

ഉമ്മ നിഹാലിന്റെ മുഖത്തേക്ക് നോക്കി. അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

"ഉമ്മാ, ഇനി മുതൽ ഞാൻ ആരെയും ഉപദ്രവിക്കില്ല. ചീത്ത പറയില്ല. ആരോടും ദേഷ്യപ്പെടില്ല. എനിക്ക് സ്വർഗത്തിൽ പോകണം."

അത് കേട്ടപ്പോൾ ഉമ്മ അവനെ കെട്ടിപ്പിടിച്ച് കവിളിൽ ചുംബിച്ചു. നിറകണ്ണുകളോടെ ഉമ്മ പറഞ്ഞു "എന്റെ മോൻ നല്ല കുട്ടിയാണ്. നല്ലവരെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കില്ല."



ഗാനം

# ചോരയുണങ്ങാത്ത മ്യാൻമർ

*രീതി: പേർഷ്യയിലേക്കൊന്നുരത്ത്...*

മ്യാൻമറെന്നൊരു കൊച്ചു രാജ്യം
അവിടെയുള്ളൊരു മുസ്‌ലിം മക്കൾ
അനുഭവിച്ചിടുന്നു കഠിന കഠോരമാം ശിക്ഷ-നാഥാ
കദനമെല്ലാം തീർത്തവർക്കു നീ രക്ഷ നൽകിടണേ

സ്വന്തം നാട്ടിൽ സ്വന്തം വീട്ടിൽ
സ്വസ്ഥതയോടെ കഴിയാൻ
അനുവദിച്ചിടാതെയവരെയാട്ടിയോടിച്ച്-ബുദ്ധ
ഭിക്ഷു വേഷം പൂണ്ട ദുഷ്ടർ കൊലവിളിക്കുന്നു

മുത്ത് പോലുള്ള കുരുന്ന്
മക്കളെ കൊത്തിയരിഞ്ഞ്
ഉമ്മമാരുടെ മുന്നിലേക്ക് വലിച്ചെറിയുന്നു-മർത്യ
രൂപം പൂണ്ട പിശാചുവർഗം നൃത്തമാടുന്നു

നാട്ടുകാരുടെ മുന്നിലിട്ട്
നാരിമാരുടെ മാനം കവർന്ന്
നാലുകഷ്ണമാക്കി ചീന്തി തീയിലെറിയുന്ന-ദുഷ്ടത
ലോകമിതുവരെ കണ്ടതിൽ വെച്ചേറ്റവും ക്രൂരം

ആശയറ്റൊരായിരങ്ങൾ
ആവതില്ലാ പിഞ്ചു മക്കൾ
ഒക്കെയും വിട്ടേച്ചഭയം തേടിയോടുകയായ്-കടലിൻ
ആഴിയിൽ വൻ മീനുകൾക്കിരയായിമാറുകയായ്

ബുദ്ധരെങ്ങോട്ടീ പ്രയാണം
ബുദ്ധി ചത്തുമലച്ചതാണോ
സത്യധർമമഹിംസ പാടെ വെടിഞ്ഞുപോയെന്നോ- മുസ്‌ലിം
വംശഹത്യ നടത്തി മോക്ഷം നേടുമെന്നാണോ

ദുഷ്ട ജനതതൻ അക്രമങ്ങൾ
താങ്ങുവാൻ കഴിയാതെ പാവം
റോഹിംഗ്യൻ മുസ്‌ലിം മനസ്സുകൾ വെന്തുരുകുന്നു-അഭയം
നൽകു ലോകമെ എന്ന് ഹൃദയം തകർന്ന് കേഴുന്നു

ലോക പോലീസെങ്ങു പോയി
അറബ് നാടുകളുറക്കിലാണോ
അതി നികൃഷ്ടതക്കെതിരു നിൽക്കാൻ ധൈര്യമില്ലെന്നോ-റബ്ബേ
നിന്റെ തുണയല്ലാതെ മറ്റൊരു രക്ഷയില്ലല്ലോ

സൗദി നീട്ടി സഹായഹസ്തം
തുർക്കിയും മുന്നിട്ടിറങ്ങി
ഇനിയുമേറെ കരങ്ങളവരെ ആഞ്ഞു പുൽകട്ടെ-ചോര-
ക്കടലിൽനിന്നാ മർദിതർ കരകേറിയണയട്ടെ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ആദ് സമുദായത്തിന്റെ കഥ

നൂഹ്ﷺന്റെ ജനതയിലെ അവിശ്വാസികളെ ശക്തമായ പ്രളയത്തിലൂടെ അല്ലാഹു നശിപ്പിക്കുകയും വിശ്വാസികളെ രക്ഷപ്പെടുത്തുകയും ചെയ്തതിനു ശേഷം ഭൂമിയിൽ അവശേഷിച്ചത് നൂഹ് നബിﷺയിൽ വിശ്വസിച്ചവർ മാത്രമായിരുന്നു.

കാലം കുറെ കഴിഞ്ഞു. നൂഹ്ﷺന്റെ വഫാതിനു ശേഷം, അദ്ദേഹത്തിൽ വിശ്വസിച്ച ഏകദൈവ വിശ്വാസികളായ പിൻതലമുറ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പരന്നു. ഒരു പ്രവാചകനില്ലാതെ കുറെ കാലം ജീവിക്കേണ്ടി വന്നപ്പോൾ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ പതുക്കെ അവരുടെ ഹൃദയങ്ങളിൽ നിന്ന് ഇല്ലാതെയായി. പതുക്കെ പതുക്കെ അവരും ഏകദൈവാരാധനയിൽ നിന്ന് വഴി മാറി ബഹുദൈവാരാധകരായി. നൂഹ്ﷺക്ക് ശേഷം വീണ്ടും ഭൂമിയിൽ ശിർക്ക് സംഭവിച്ചു തുടങ്ങി.

ഏതൊരു സമൂഹത്തിൽ ബഹുദൈവാരാധന വ്യാപകമാകുമ്പോഴും അല്ലാഹു അവരെ ഭൂമിയിൽ നിന്ന് തുടച്ചുനീക്കാതിരുന്നിട്ടില്ല. എന്നാൽ അല്ലാഹു ഇപ്രകാരം ഒരു നടപടി സ്വീകരിക്കുന്നതിന് മുമ്പ് അവന്റെ കാരുണ്യമെന്നോണം അവർക്ക് താക്കീത് നൽകാനായി അവരിൽ നിന്ന് തന്നെ അവരിലേക്ക് ദൂതന്മാരെ അയച്ചിരുന്നു. അഥവാ ഏതൊരു സമൂഹത്തെ അല്ലാഹു ഭൂമിയിൽ നിന്ന് ഉന്മൂലനം ചെയ്യാനുദ്ദേശിക്കുന്നുവോ അവരിലേക്ക് അവൻ ദൂതന്മാരെ അയക്കുമായിരുന്നു.

നൂഹ് നബിعليه السلامന്റെ ജനതയുടെ നാശത്തിന് ശേഷം ഭൂമിയിൽ ബഹുദൈവാരാധന ഒരു മതമായി സ്വീകരിച്ചത് ആദ് സമുദായമായിരുന്നു. ഇന്നത്തെ ഒമാനിലെ സലാലയിൽ നിന്നും 150 കിലോ മീറ്റർ അകലെ അഹ്ക്വാഫ് എന്ന പ്രദേശത്തായിരുന്നു ആദ് സമുദായം ജീവിച്ചിരുന്നത്. ഇന്ന് ആ പ്രദേശത്തിന്റെ പേര് ഉബാർ എന്നാണ്.

ആദ് സമുദായത്തെപ്പറ്റി അറബികൾക്ക് നന്നായി അറിയാമായിരുന്നു. ഈ സമുദായത്തിലേക്ക് അവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അല്ലാഹു അയച്ചു. ആ പ്രവാചകനാണ് മഹാനായ ഹൂദ്عليه السلام. വിശുദ്ധ ക്വുർആനിൽ ഹൂദ് എന്ന നാമം എഴ് സ്ഥലങ്ങളിലും അദ്ദേഹത്തിന്റെ ജനതയായ ആദിനെ സംബന്ധിച്ച് 27 സ്ഥലങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഹൂദ്عليه السلامന്റെ ജനതയായ ആദ് സമുദായം ശാരീരികമായി ഭയങ്കര ശക്തന്മാരും വലിയ ആകാരമുള്ളവരുമായിരുന്നു. ഈ വലിയ മനുഷ്യരിലേക്കാണ് അല്ലാഹു ഹൂദ്عليه السلامനെ അയച്ചത്. ആ ജനതയുടെ പ്രത്യേകതകൾ അല്ലാഹു വിവരിക്കുന്നത് ഇപ്രകാരമാണ്:

"നൂഹിന്റെ ജനതയ്ക്കു ശേഷം നിങ്ങളെ അവൻ പിൻഗാമികളാക്കുകയും സൃഷ്ടിയിൽ അവൻ നിങ്ങൾക്കു (ശാരീരിക) വികാസം വർധിപ്പിക്കുകയും ചെയ്തത് നിങ്ങൾ ഓർത്ത് നോക്കുക" (ക്വുർആൻ 7:69).

"ആദ് സമുദായത്തെ കൊണ്ട് നിന്റെ രക്ഷിതാവ് എന്തു ചെയ്തുവെന്ന് നീ കണ്ടില്ലേ? അതായത് തൂണുകളുടെ ഉടമകളായ ഇറം ഗോത്രത്തെ കൊണ്ട്. തത്തുല്യമായിട്ടൊന്ന് രാജ്യങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത ഗോത്രം" (89:68).

"എന്നാൽ ആദ് സമുദായം ന്യായം കൂടാതെ ഭൂമിയിൽ അഹംഭാവം നടിക്കുകയും ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവർ ആരുണ്ട് എന്ന് പറയുകയുമാണ് ചെയ്തത്" (41:15).

ശാരീരികമായ ശക്തിയും വെടിപ്പും ഉള്ളവരായി അല്ലാഹുവാണ് അവരെ സൃഷ്ടിച്ചത്. അതിന് അവനോട് അവർ നന്ദി കാണിക്കേണ്ടതിന് പകരം ശക്തിയും കഴിവും എടുത്ത് പറഞ്ഞ് അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയും അവനെ മാത്രം ആരാധിക്കേണ്ടതിന് പകരം അവർ തന്നെ സ്വയം നിർമിച്ച രൂപങ്ങളെ ആരാധിച്ച് അല്ലാഹുവിനോട് അഹങ്കാരം കാണിക്കുകയും ചെയ്തു.

ഏതൊരു സമുദായത്തിലും ശിർക്ക് വ്യാപകമാകുമ്പോഴാണല്ലോ അല്ലാഹു റസൂലിനെ (ദൂതനെ) അയക്കുകയെന്ന് നാം പറഞ്ഞല്ലോ. ആദ് സമുദായം ശിർക്കിന്റെ വക്താക്കളായി മാറിയപ്പോൾ അവരെ ഏകദൈവാരാധനയിലേക്ക് തിരിച്ചു കൊണ്ടു വരാനായി അവരിലേക്ക് അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനായി ഹൂദ്عليه السلامനെ അല്ലാഹു അയച്ചു.

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്?" (ക്വുർആൻ 7:65).

അല്ലാഹുവിന്റെ ദൂതന്മാർ എല്ലാവരും അവരവരുടെ ജനതയോട് ആദ്യം ഉപദേശിച്ചത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുവാനുമായിരുന്നു. തൗഹീദിന്റെ പ്രാധാന്യവും ശിർക്കിന്റെ അപകടവും മനസ്സിലാക്കിക്കൊടുക്കലാണ് ഏറ്റവും പ്രധാനം എന്നർഥം.

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല; അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല"(ക്വുർആൻ 21:25).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (ക്വുർആൻ 39:65).

നബിﷺ മറുനാടുകളിലേക്ക് ഇസ്‌ലാമിക പ്രബോധനത്തിനായി സ്വഹാബിമാരെ അയക്കുമ്പോഴും ഈ കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മുആദ്رضي الله عنهവിനെ അയക്കുന്ന വേളയിൽ കൊടുത്ത ഉപദേശം കാണുക:

ഇബ്നു അബ്ബാസ്رضي الله عنهവിൽ നിന്ന് നിവേദനം. മുആദ്رضي الله عنه പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ എന്നെ അയച്ചു. അദ്ദേഹം പറഞ്ഞു: 'തീർച്ചയായും നീ പോകുന്നത് വേദക്കാരായ ജനതയുടെ അടുത്തേക്കാണ്. (അവിടെ എത്തിക്കഴിഞ്ഞാൽ) അവരെ അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നതിലേക്കും ഞാൻ അല്ലാഹുവിന്റെ റസൂലാണ് എന്ന സാക്ഷ്യ വചനത്തിലേക്കും ക്ഷണിക്കുക. അത് അവർ അനുസരിച്ച് കഴിഞ്ഞാൽ എല്ലാ രാവും പകലിലുമായി അഞ്ചു നേരത്തെ നമസ്കാരം അവരുടെ മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ടെന്നും അവരെ അറിയിക്കുക. അതും അവർ അനുസരിച്ചു കഴിഞ്ഞാൽ അല്ലാഹു അവർക്ക് സ്വദക്വ (സകാത്ത്) നിർബന്ധമാക്കിയിട്ടുണ്ടെന്നും, അത് അവരിലെ ധനികരിൽ നിന്നും സ്വീകരിച്ച് അവരിലെ ദരിദ്രരിലേക്ക് തിരിച്ച് നൽകാനും നിർബന്ധമാക്കിയിട്ടുണ്ടെന്നും അവരെ അറിയിക്കുക. (അവരുടെ ധനം സ്വീകരിക്കുമ്പോൾ) അവരുടെ ധനത്തിലെ വിലപിടിപ്പുള്ളത് നീ ശ്രദ്ധിക്കണം. അക്രമിക്കപ്പെടുന്നവന്റെ പ്രാർഥനയെ നീ സൂക്ഷിക്കുക. തീർച്ചയായും ആ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ

യാതൊരു മറയുമില്ല" (മുസ്‌ലിം).

ഹൂദ്ﷺ അവരിൽ പല ദുഃസ്വഭാവങ്ങൾ കണ്ടെങ്കിലും അവരിലെ ഏറ്റവും പ്രധാനപ്പെട്ട തിന്മയായ ശിർക്കിനെതിരെയാണ് ആദ്യം ശബ്ദിച്ചത്.

അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് അവരെ അദ്ദേഹം അറിയിച്ചപ്പോൾ അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

"അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ എന്തോ മൗഢ്യത്തിൽ പെട്ടിരിക്കുകയാണെന്ന് ഞങ്ങൾ കാണുന്നു. തീർച്ചയായും നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണെന്ന് ഞങ്ങൾ വിചാരിക്കുന്നു" (ക്വുർആൻ 7:66).

സ്വന്തം കൈകളാൽ നിർമിക്കപ്പെട്ട വിഗ്രഹങ്ങളെ ആരാധിക്കുന്നത് ഒഴിവാക്കി സ്രഷ്ടാവായ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് പറഞ്ഞതിനെ വിഡ്ഢിത്തമായും ബുദ്ധിയില്ലായ്മയായും കളവ് പറയലായും പ്രമാണികൾ ചിത്രീകരിച്ചു. മാത്രവുമല്ല, ഇതെല്ലാം ഹൂദ് അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചതാണെന്നും അദ്ദേഹത്തെ കുറിച്ച് അവർ പറഞ്ഞു.

ഇങ്ങനെയൊക്കെ ഹൂദ്ﷺ പറയാനുള്ള കാരണം തങ്ങളുടെ ആരാധ്യരെ ഒഴിവാക്കണമെന്ന് പറഞ്ഞതിനാൽ ഇദ്ദേഹത്തിന് ദോഷബാധയേറ്റിരിക്കുകയാണെന്ന് അവർ അദ്ദേഹത്തെ ആക്ഷേപിച്ചു.

"ഞങ്ങളുടെ ദൈവങ്ങളിൽ ഒരാൾ നിനക്ക് എന്തോ ദോഷബാധ ഉളവാക്കിയിരിക്കുന്നു എന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്"(ക്വുർആൻ 11:54).

ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. എല്ലാ പ്രവാചകന്മാരുടെയും എതിരാളികൾ പ്രാവാചകന്മാരെ എതിർത്ത് സംസാരിക്കുമ്പോൾ ഒരേ ആരോപണങ്ങളാണ് പറഞ്ഞിരുന്നത്! കളവ് പറയുന്നവൻ, ഭ്രാന്തൻ, സമൂഹത്തിൽ ഒരു സ്വാധീനവും ഇല്ലാത്തവരെ കൂടെക്കൂടികളായി ലഭിച്ചവൻ... തുടങ്ങിയ മാന്യതയില്ലവാത്ത ആരോപണങ്ങളും ആക്ഷേപങ്ങളും.

നീ എന്ത് തന്നെ പറയുകയാണെങ്കിലും ശരി; ഞങ്ങൾക്കിതൊന്നും കേൾക്കേണ്ട, ഞങ്ങൾ ഞങ്ങളുടെ പൂർവികർ ചെയ്തതെല്ലാം ചെയ്യും. അവർ പിഴച്ചവരാണെങ്കിൽ ഞങ്ങളും പിഴച്ചോട്ടെ... എന്നിങ്ങനെയെല്ലാം പറഞ്ഞ് തങ്ങൾ മാറാൻ തയ്യാറല്ലെന്ന് അവർ ശാഠ്യം പിടിച്ചു.

വിശുദ്ധ ക്വുർആൻ ഇക്കാര്യം സൂചിപ്പിക്കുന്നത് കാണുക:

"അപ്രകാരം തന്നെ ഇവരുടെ പൂർവികൻമാരുടെ അടുത്ത് ഏതൊരു റസൂൽ വന്നപ്പോഴും ജാലവിദ്യക്കാരനെന്നോ, ഭ്രാന്തനെന്നോ അവർ പറയാതിരുന്നിട്ടില്ല. അതിന് (അങ്ങനെ പറയണമെന്ന്) അവർ അന്യോന്യം വസിയ്യത്ത് ചെയ്തിരിക്കുകയാണോ? അല്ല, അവർ അതിക്രമകാരികളായ ഒരു ജനതയാകുന്നു" (51:52,53).

ഓരോ തലമുറ കഴിയുമ്പോഴും ശേഷക്കാരിലേക്ക് വസിയ്യത്ത് കൈമാറിയത് പോലെയുണ്ട് ഇവരുടെ എതിർപ്പിന്റെ രൂപം.

ഇവരുടെ എതിർപ്പുകൾക്ക് ഹൂദ്ﷺ നൽകുന്ന മറുപടി കാണുക:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ യാതൊരു മൗഢ്യവുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു. നിങ്ങൾക്കു മുന്നറിയിപ്പു നൽകാൻ വേണ്ടി നിങ്ങളിൽ പെട്ട ഒരു പുരുഷനിലൂടെ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ഉൽബോധനം നിങ്ങൾക്കു വന്നുകിട്ടിയതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയാണോ? നൂഹിന്റെ ജനതയ്ക്കു ശേഷം നിങ്ങളെ അവൻ പിൻഗാമികളാക്കുകയും സൃഷ്ടിയിൽ അവൻ നിങ്ങൾക്കു (ശാരീരിക) വികാസം വർധിപ്പിക്കുകയും ചെയ്തത് നിങ്ങൾ ഓർത്ത് നോക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർമിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (ക്വുർആൻ 7:6769).

"നിങ്ങൾക്ക് തന്നെ അറിയാവുന്നവ (സുഖസൗകര്യങ്ങൾ) മുഖേന നിങ്ങളെ സഹായിച്ചവനെ നിങ്ങൾ സൂക്ഷിക്കുക കന്നുകാലികളും സന്താനങ്ങളും മുഖേന അവൻ നിങ്ങളെ സഹായിച്ചിരിക്കുന്നു; തോട്ടങ്ങളും അരുവികളും മുഖേനയും" (ക്വുർആൻ 26:132-134).

ഞാൻ നിങ്ങളോട് പറയുന്നതിൽ അവിവേകമായിട്ടൊന്നുമില്ലെന്നും കാലികൾ, സന്താനങ്ങൾ, തോട്ടങ്ങൾ, അരുവികൾ മുതലായവ കൊണ്ട് നിങ്ങളെ സഹായിച്ചവനായ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കണമെന്നും ലോകരക്ഷിതാവായ, എല്ലാ കാര്യത്തെ കുറിച്ചും സൂക്ഷ്മമായി അറിയുന്നവനായ അല്ലാഹു എന്നോട് പറയുന്നത് നിങ്ങളിലേക്ക് എത്തിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നതെന്നും നിങ്ങൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടണമെന്ന ഗുണകാംക്ഷ മാത്രമാണ് എനിക്കുള്ളതെന്നും ഭൗതികമായ യാതൊന്നും ഇതിലൂടെ ഞാൻ ആശിക്കുന്നില്ലെന്നും അദ്ദേഹം അവരെ അറിയിച്ചു.

"എന്റെ ജനങ്ങളേ, ഞാൻ നിങ്ങളോട് ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എനിക്കുള്ള പ്രതിഫലം എന്നെ സൃഷ്ടിച്ചവൻ തരേണ്ടത് മാത്രമാണ്. നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നില്ലേ?" (ക്വുർആൻ 11:51). **(തുടരും)** ●

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# മുഹമ്മദ് നബി ﷺ സമാനതയില്ലാത്ത മാതൃകാ വ്യക്തിത്വം

**"യാസീൻ. തത്ത്വസമ്പൂർണമായ ക്വുർആൻ തന്നെയാണ് സത്യം; നീ ദൈവദൂതൻമാരിൽ പെട്ടവൻ തന്നെയാകുന്നു. നേരായ പാതയിലാകുന്നു (നീ)" (ക്വുർആൻ 36:1–4).**

വലിയ വലിയ ആദർശശാലികളായി പലരും ലോകത്ത് രംഗപ്രവേശം ചെയ്തിട്ടുണ്ട്; പക്ഷേ, അവരിൽ അധികമാളുകളുടെയും ആദർശപ്രസംഗങ്ങൾ കേവലം പുറംപൂച്ച് മാത്രമായിരുന്നു എന്ന് പിന്നീട് തെളിഞ്ഞിട്ടുണ്ട്. എന്നാൽ മുഹമ്മദ് നബിﷺയുടെ പച്ചയായ ജീവിതം പഠനവിധേയമാക്കുന്ന ആർക്കും അവിടുത്തെ സത്യസന്ധതയുടെയും നിഷ്കളങ്കതയുടെയും സൗരഭ്യം പരത്തുന്ന ഏടുകളാണ് ചരിത്രത്തിൽ കണ്ടെത്താനാവുക. അതുകൊണ്ടുതന്നെ അദ്ദേഹത്തെ അടുത്തറിയുന്നവർ സ്വന്തം ജീവനെക്കാൾ അദ്ദേഹത്തെ സ്നേഹിച്ചു. ശത്രുക്കളായി വന്നവർ ആ വിശുദ്ധ ജീവിതത്തിന്റെ സൽഗുണങ്ങൾ കണ്ട് ആത്മമിത്രങ്ങളായി മാറി.

ലോകരക്ഷിതാവായ അല്ലാഹു തന്റെ ദൂതന്റെ എതിരാളികൾക്ക് മറുപടി നൽകിക്കൊണ്ട് ആ പ്രവാചകനെ പ്രശംസിച്ചു പറഞ്ഞ വാക്കുകളുടെ പൊരുളും മറ്റൊന്നല്ല അറിയിക്കുന്നത്. അല്ലാഹു പറയുന്നു: "നൂൻ-പേനയും അവർ എഴുതുന്നതും തന്നെയാണ് സത്യം. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല. തീർച്ചയായും നിനക്ക് മുറിഞ്ഞ് പോകാത്ത പ്രതിഫലമുണ്ട്. തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 68:1-4).

ഈ യാഥാർഥ്യം മനസ്സിലാക്കിയ ശത്രുക്കൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആദർശത്തെയും വികലമാക്കി അവതരിപ്പിക്കാൻ എക്കാലത്തും ശ്രമിച്ചുപോന്നിട്ടുണ്ട്. എന്നാൽ തുറന്നപുസ്തകം പോലെ ആർക്കും പരിശോധിക്കുവാൻ സാധിക്കുമാറുള്ള അദ്ദേഹത്തിന്റെ ജീവിതത്തെയും ആദർശത്തെയും സത്യസന്ധമായ പഠനത്തിന് വിധേയമാക്കുവാനാണ് വിശുദ്ധ ക്വുർആൻ ആവശ്യപ്പെടുന്നത്.


"നീ പറയുക: ഞാൻ നിങ്ങളോട് ഒരു കാര്യം മാത്രമേ ഉപദേശിക്കുന്നുള്ളൂ. അല്ലാഹുവിന് വേണ്ടി നിങ്ങൾ ഈരണ്ടു പേരായോ ഒറ്റയായോ നിൽക്കുകയും എന്നിട്ട് നിങ്ങൾ ചിന്തിക്കുകയും ചെയ്യണമെന്ന്. നിങ്ങളുടെ കൂട്ടുകാരന്ന് (മുഹമ്മദ് നബിക്ക്) യാതൊരു ഭ്രാന്തുമില്ല. ഭയങ്കരമായ ശിക്ഷയുടെ മുമ്പിൽ നിങ്ങൾക്കു താക്കീത് നൽകുന്ന ആൾ മാത്രമാകുന്നു അദ്ദേഹം" (34:46).

ഏതു രംഗത്തും തികഞ്ഞ മാതൃക അദ്ദേഹത്തിൽ ദർശിക്കാനാകുന്നതാണ്. വികാരത്തിനടിമപ്പെടാതെ വിവേകത്തോടുകൂടിയുള്ള ഇടപെടലുകളാണ് ആ ജീവിതത്തിൽ കാണാനാവുക. മറ്റുള്ളവർക്ക് നല്ല നല്ല ഉപദേശങ്ങൾ നൽകുകയും സ്വന്തം ജീവിതത്തിൽ അവ വിസ്മരിക്കുകയും ചെയ്യുന്ന രീതി ആ മഹാനുഭാവന്റെ ജീവിതത്തിൽ കാണുക സാധ്യമല്ല. അനുഗ്രഹദാതാവിന് ആരാധനകളർപ്പിക്കുവാൻ അനുയായികളെ പ്രേരിപ്പിച്ചുകൊണ്ട് സുഖമായി കിടന്നുറങ്ങുന്ന ഉപദേശിയെയല്ല പ്രവാചകജീവിതത്തിൽ നാം കാണുന്നത്. പ്രത്യുത, രാത്രിയുടെ നിശ്ശബ്ദതയിൽ മറ്റാരുമറിയാതെ ഏകാന്തനായി, കാലുകളിൽ നീരുകെട്ടുവോളം ദീർഘനേരം പ്രാർഥനകളും ആരാധനകളുമായി കഴിച്ചുകൂട്ടുന്ന പ്രവാചകനെﷺയാണ് ആ ജീവിതത്തിൽ നാം ദർശിക്കുന്നത് (ബുഖാരി).

മരണപ്പെട്ട അനുചരൻമാർക്ക് വേണ്ടി രാത്രിയുടെ ഏകാന്തതയിൽ സർവശക്തനോട് പ്രാർഥനാനിർഭരനാകുന്ന പ്രവാചകൻ, ത്യാഗങ്ങളുടെ രംഗങ്ങളിൽ അനുചരന്മാരെക്കാളും ഒരു പടി മുന്നിൽ നിന്ന് അധ്വാനിക്കുന്ന മാതൃകാനേതാവ്, സ്വന്തം വീട്ടിൽ ദിവസങ്ങളോളം തീ പുകയാഞ്ഞിട്ടും സ്വന്തം ജീവനെക്കാൾ തന്നെ സ്നേഹിക്കുന്ന അനുയായികളെപ്പോലും അറിയിക്കാതെ അന്തസ്സ് കാത്തുസൂക്ഷിക്കുന്ന മഹാത്മാവ്... ഇങ്ങനെ എത്രയെത്ര ഉദാത്ത ഗുണങ്ങൾ! ഇത്തരം ഉൽകൃഷ്ട സ്വഭാവഗുണങ്ങളുള്ള വ്യക്തി ഒരു സ്വാർഥമോഹിയും വഞ്ചകനുമാകുമോ? ●

അശ്റഫ് എകരൂൽ
ashrafekarul@gmail.com





# രൂപ ഭാവങ്ങളും പരിഗണനീയം തന്നെ

**കു**ട്ടികളുടെ പ്രത്യക്ഷ രൂപഭംഗിയിൽ നബിﷺ ശ്രദ്ധ കൊടുത്തിരുന്നു. ഹദീഥുകൾ പരിശോധിച്ചാൽ അവരുടെ തലമുടി എങ്ങനെയായിരിക്കണം എന്നതിലും വസ്ത്രത്തിന്റെ നിറത്തിലും ഒക്കെ നബിയുﷺടെ മാർഗദർശനത്തിന്റെ കയ്യൊപ്പ് പതിഞ്ഞിരുന്നുവെന്നത് നമ്മെ അത്ഭുതപ്പെടുത്താതിരിക്കില്ല.

മുടി വെട്ടുന്നതിലും ഇസ്‌ലാമികമായ മര്യാദയുണ്ടെന്നും അത് പാലിക്കണമെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. അബ്ദുല്ലാഹിബിന് ഉമർ‍رضي الله عنه പറയുകയാണ്: "ഒരിക്കൽ നബിﷺ ഒരു കുട്ടിയെ കണ്ടു. അവന്റെ തലമുടിയിൽ നിന്ന് ചില ഭാഗങ്ങൾ വടിച്ചു കളയുകയും മറ്റു ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്തിരുന്നു. അപ്പോൾ നബിﷺ അത് അവനോട് അത് നിരോധിച്ചു. എന്നിട്ടു പറഞ്ഞു: 'ഒന്നുകിൽ മുഴുവൻ വടിച്ചു കളയുക. അല്ലെങ്കിൽ മുഴുവൻ വിട്ടേക്കുക" (അബു ദാവൂദ്).

ഇബ്നു ഉമർرضي الله عنه പറഞ്ഞു: "തലമുടിയിൽ നിന്ന് ചില ഭാഗങ്ങൾ പൂർണമായി വടിച്ചു കളഞ്ഞു കൊണ്ട് മറ്റു ചില ഭാഗങ്ങൾ വിട്ടേക്കുന്നതിനെ നബിﷺ വിരോധിച്ചിട്ടുണ്ട്" (ബുഖാരി, മുസ്‌ലിം).

ഈ ഹദീഥിനെ വിവരിച്ചുകൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം തന്റെ 'അഹ്കാമൽ മൗലൂദ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "നബിﷺ നിരോധിച്ച 'ഭാഗികമായ മുടി വെട്ടൽ' എന്നാൽ കുട്ടിയുടെ തലയിലെ മുടിയിൽ നിന്ന് അൽപം പൂർണമായി എടുക്കുകയും അൽപം പൂർണമായി വിട്ടേക്കുകയും ചെയ്യുകയെന്നതാണ്. അതാവട്ടെ. നാലു രൂപത്തിലാണ്:

1. ചില വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് പൂർണമായി കളയുക,

2. തലയുടെ മധ്യ ഭാഗത്തു നിന്ന് പൂർണമായി മുടി എടുത്തു കളയുക; ചുറ്റു ഭാഗത്തിലും മുടി വിട്ടേക്കുക.

3. തലയുടെ ചുറ്റിലും പൂർണമായി വടിച്ചുകളയുകയും മധ്യഭാഗത്ത് മുടി വിട്ടേക്കുകയും ചെയ്യുക. (ഇന്നത്തെ കുട്ടികളിൽ കാണപ്പെടുന്നത് പോലെ).

4. മുൻഭാഗത്തെ മുടി വെട്ടിക്കളയുകയും പിൻഭാഗത്തേത് പൂർണമായും നിലനിർത്തുകയും ചെയ്യുക. (ഈ രീതികളിലെല്ലാം മുടിവെട്ടുന്നതിനെ ഇസ്ലാം നിരോധിച്ചിരിക്കുന്നു).''

മരണമോ മറ്റു ദുരന്തങ്ങളോ വന്നുപെട്ടത് നിമിത്തം ദുഃഖാർത്തരായതിനാൽ നീണ്ട ദിവസങ്ങൾ മുടി വെട്ടി ചിട്ടപ്പെടുത്താതെ തുടരുന്നതും നബിﷺ അനുവദിച്ചിരുന്നില്ല. മരണം മൂലം ഉണ്ടാകുന്ന ദുഃഖാചരണം കൂടിയാൽ മൂന്നു ദിവസമാണ്. അത് കഴിഞ്ഞാൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങണം. മുഅ്തഃ യുദ്ധത്തിൽ മരിച്ച പിതൃവ്യൻ ജഅ്ഫർ﵁വിന്റെ കുടുംബത്തിന്റെ അവസ്ഥയെ കുറിച്ച് അബ്ദുല്ലാഹിബ്നു ജഅ്ഫർ﵁ പറയുന്നു: "നബിﷺജഅ്ഫ്റിന്റെ കുടുമ്പത്തിനു മൂന്നു ദിവസം (ദുഃഖാചരണത്തിന്ന്) സാവകാശം നൽകി. പിന്നീട് അവരുടെ അടുത്ത് ചെന്ന് പറഞ്ഞു: 'എന്റെ സഹോദരന്റെ കാര്യത്തിൽ ഇനി നിങ്ങൾ കരഞ്ഞ് ഇരിക്കരുത്.' എന്നിട്ടു പറഞ്ഞു: 'എന്റെ സഹോദരന്റെ മക്കളെ എനിക്ക് വിളിച്ചു തരൂ.' അപ്പോൾ ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ അടുത്ത് കൊണ്ടുവരപ്പെട്ടു. എന്നിട്ട് നബിﷺ പറഞ്ഞു: 'ഒരു ബാർബറെ കൊണ്ട് വരൂ.' അങ്ങനെ നബിﷺ അവരോട് കുട്ടികളുടെ മുടിയെല്ലാം കളയാൻ കൽപിച്ചു'' (അബൂദാവൂദ്). (അവരെ ജീവിതത്തിന്റെ സാധാരണ അവസ്ഥയിലേക്ക് മടക്കി കൊണ്ടുവരുവാനും മുടി വെട്ടാനും നബിﷺ തന്നെ മുൻകൈ എടുത്തു എന്നർഥം).

ഇതെല്ലാം സൂചിപ്പിക്കുന്നത് കുട്ടികളുടെ മുടി പോലും മാന്യതയുടെതും വൃത്തിയുടെയും പ്രകടമായ സൂചകങ്ങളാകണം എന്നതാണ്. മാറി മറിയുന്ന നിരർഥക മോഡലുകൾക്ക് പിന്നാലെ പോയി പ്രാകൃത രൂപം തോന്നിക്കുന്ന മുടിവെട്ട് പരീക്ഷണത്തിന് മുസ്ലിം കുട്ടികൾ വിധേയമാക്കപ്പെട്ടുകൂടാ.

ഇസ്ലാം ശ്രദ്ധ പുലർത്താൻ രക്ഷിതാക്കളോട് ആവശ്യപ്പെടുന്ന മറ്റൊരു മേഖലയാണ് വസ്ത്രങ്ങളുടെ തെരഞ്ഞെടുപ്പ്. നിറങ്ങളുടെ തിരഞ്ഞെടുപ്പിൽ പോലും നബിﷺ മാർഗദർശനം നൽകിയതായി കാണാം. ഇമാം മുസ്ലിം അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: "ഒരിക്കൽ നബിﷺ എന്നെ രണ്ട് കാവി നിറത്തിലുള്ള (കുങ്കുമ നിറം കലർന്ന) വസ്ത്രത്തിൽ കണ്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'ഇത് നിന്റെ ഉമ്മ പറഞ്ഞിട്ടാണോ നീ ഉടുത്തത്?' അപ്പോൾ ഞാൻ ചോദിച്ചു: 'ഇത് രണ്ടും ഞാൻ അലക്കണമോ?' അദ്ദേഹം പറഞ്ഞു: 'അല്ല, അത് കരിച്ചുകളയുകയാണ് വേണ്ടത്.'' മറ്റൊരു റിപ്പോർട്ടിൽ 'ഇത് അവിശ്വാസികളുടെ വസ്ത്രമാണ്, അത് നീ ധരിക്കരുത്' എന്ന് കൂടിയുണ്ട്.

പുരുഷന്മാർ വെള്ളനിറത്തിലുള്ള വസ്ത്രം ധരിക്കുന്നത് ഇസ്ലാം ഉത്തമമായി കാണുന്നു. സ്ത്രീകൾ കറുപ്പ്നിറത്തിലുള്ളതേ ധരിക്കാവൂ എന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല എന്നതും ഓർക്കുക.

ഈ രംഗത്ത് ഇസ്ലാം നൽകുന്ന മറ്റൊരു നിർദേശമാണ് പുരുഷന് പട്ടുവസ്ത്രവും സ്വർണവും നിഷിദ്ധമാണെന്ന കാര്യം. അത് മുതിർന്നവർക്കെന്ന പോലെ കുട്ടികൾക്കും നിഷിദ്ധമാണെന്ന കാര്യം നിസ്സാരമാക്കി തള്ളിക്കളയുന്നതായി കാണുന്നു. അവർക്ക് നബിﷺയുടെ സന്തത സഹചാരിയായ അബ്ദുല്ലാഹിബ്നു മസ്ഊദ്﵁വിന്റെ ഈ വാക്കുകൾ വെളിച്ചം നൽകട്ടെ. ഇമാം ത്വബ്റാനി അബ്ദുല്ലാഹിബ്നു യസീദിൽനിന്ന് ഉദ്ധരിക്കുന്നു: "ഞങ്ങൾ അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ അടുത്തായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു കുട്ടി അവിടേക്കു വന്നു. അവൻ പട്ടിന്റെ ഒരു ഉടുപ്പ് ധരിച്ചിട്ടുണ്ട്. ആരാണ് മകന് ഇത് നൽകിയത് എന്ന് ചോദിച്ചപ്പോൾ ഉമ്മയാണെന്ന് പറഞ്ഞു. അദ്ദേഹം അത് ഊരി എടുത്തിട്ട് പറഞ്ഞു: 'ഇതല്ലാത്ത ഒന്ന് ഉടുപ്പിച്ചു തരാൻ ഉമ്മയോട് പറയൂ.''

ഇവിടെ നിഷിദ്ധത്തിന്റെ വിഷയത്തിൽ കുട്ടികളും മുതിർന്നവരും എന്ന വ്യത്യാസം കാണാവതല്ല. കാരണം പ്രവാചക വചനത്തിൽ 'എന്റെ ഉമ്മത്തിലെ ആണിന്' എന്ന പ്രയോഗമാണ് ഉള്ളത്. കുട്ടികളാണ് അവ ഉപയോഗിക്കുന്നതെങ്കിൽ അതിന്റെ പാപം അത് ധരിപ്പിച്ചവർക്കാണെന്ന് മാത്രം. ഉദാഹരണം: കള്ള് പോലെ. അത് ഒരു കുട്ടി കുടിച്ചാൽ അവന് അതിന്റെ പാപം ലഭിക്കില്ല; മറിച്ച് അത് കുടിപ്പിച്ചവർക്കാണ്. കാരണം കുട്ടികൾ നിഷിദ്ധത്തിന്റെ വിധിക്കുള്ളിൽ എത്താത്തവരാണല്ലോ. ആൺകുട്ടികളെ സ്വർണം ധരിപ്പിക്കുന്ന പതിവ് പാരമ്പര്യ വാദികൾക്കിടയിൽ എന്ന പോലെ പരിഷ്കൃതരിലും ഉൽപതിഷ്ണു കുടുംബങ്ങളിലും കാണപ്പെടുന്നു എന്നത് വസ്തുതയാണ്. അല്ലാഹുവിൽ അഭയം. ●

ഫദ്ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം



# വിജയം ധർമനിഷ്ഠ പാലിക്കുന്നവർക്ക്

ഇഹലോക ജീവിതത്തിൽ തക്വ്‌വയോടെ ചിലയാളുകൾ ജീവിച്ചു എന്നതാണ് അവരുടെ സ്വർഗപ്രവേശനത്തിനു കാരണമായി അല്ലാഹു എടുത്തു പറയുന്നത്. രഹസ്യമായും പരസ്യമായും രാത്രിയിലും പകലിലും കുടുംബത്തിലും അങ്ങാടിയിലും ക്രയവിക്രയങ്ങളിലുമെല്ലാം തക്വ്‌വ കൈവിട്ട ഒരു ജീവിതം അവർക്കുണ്ടായിരുന്നില്ല. അക്കാരണത്താൽ തന്നെ ആകാശഭൂമികളോളം വിശാലമായ സ്വർഗംകൊണ്ട് വിജയിക്കാനും അവർക്ക് സാധിച്ചു. അല്ലാഹു പറയുന്നത് കാണുക:

"തീർച്ചയായും ധർമനിഷ്ഠപാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും സുഖാനുഗ്രഹങ്ങളിലുമായി രിക്കും" (ത്വൂർ: 17). "തീർച്ചയായും സൂക്ഷ്മത പാലിച്ചവർ തോട്ടങ്ങളിലും അരുവികളിലുമായിരിക്കും" (ഹിജ്ർ 45).

തനിക്ക് നേടാനുള്ള വലിയ പ്രശ്നങ്ങളെ ചെറുക്കാനുള്ള ഉപാധിയാണ് യഥാർഥത്തിൽ തക്വ്‌വ. തന്റെ മുന്നിൽ വരാനിരിക്കുന്ന ശിക്ഷയുടെ ലോകമായ നരകം, അതിൽ പ്രവേശിക്കാതിരിക്കാൻ മനുഷ്യൻ സ്വീകരിക്കുന്ന വിശ്വാസവും അനുഷ്ഠിക്കുന്ന സൽകർമങ്ങളും ഒഴിവാക്കുന്ന തിന്മകളും എല്ലാം തക്വ്‌വയുടെ ഫലമായുണ്ടാകുന്ന കാര്യങ്ങളാണ്. ഈ നിലക്ക് അല്ലാഹു കൽപിച്ച കാര്യങ്ങൾ ചെയ്യലും നിരോധിച്ച കാര്യങ്ങൾ ഒഴിവാക്കലുമാണ് യഥാർഥത്തിൽ തക്വ്‌വ. അത് അത്ര പെട്ടെന്ന് കഴിയുന്ന കാര്യവുമല്ല. അതുകൊണ്ടാണ് അത്തരക്കാർക്ക് വമ്പിച്ച പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്.

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ആലുഇംറാൻ 133).

കണ്ണും കാതും നാവും നിയന്ത്രിച്ച് അല്ലാഹു നിശ്ചയിച്ചുതന്ന ചൊവ്വായ പാതയിലൂടെ മാത്രം മുന്നോട്ടുനീങ്ങി ഇടത്തും വലത്തുമുള്ള പിശാചിന്റെ വിളികളെ അവഗണിച്ചുകൊണ്ട് സ്വർഗം മാത്രം ലക്ഷ്യംവെച്ച് ജീവിച്ചാൽ മരണ സന്ദർഭത്തിൽ അല്ലാഹു നൽകുന്ന സർട്ടിഫിക്കറ്റാണ് യഥാർഥത്തിൽ 'മുത്തകി' എന്ന നാമം. അത്തരക്കാർക്കു മാത്രമെ നാളെ പരലോകത്ത് രക്ഷയുള്ളൂ എന്ന കാര്യം നിസ്സംശയമാണ്.

"പരമകാരുണികൻ തന്റെ ദാസൻമാരോട് അദൃശ്യമായ നിലയിൽ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിര വാസത്തിനായുള്ള സ്വർഗത്തോപ്പുകളിൽ (അവർ പ്രവേശിക്കും). തീർച്ചയായും അവന്റെ വാഗ്ദാനം നടപ്പിൽവരുന്നത് തന്നെയാകുന്നു. സലാം അല്ലാതെ നിരർഥകമായ യാതൊന്നും അവരവിടെ കേൾക്കുകയില്ല. തങ്ങളുടെ ആഹാരം രാവിലെയും വൈകുന്നേരവും അവർക്കവിടെ ലഭിക്കുന്നതാണ്. നമ്മുടെ ദാസൻമാരിൽ നിന്ന് ആർ ധർമനിഷ്ഠപുലർത്തുന്നവരായിരുന്നുവോ അവർക്കു നാം അവകാശപ്പെടുത്തികൊടുക്കുന്ന സ്വർഗമത്രെ അത്" (മർയം 61-63).

എന്നാൽ തക്വയുമായി ബന്ധമില്ലാതെ, തക്വ എന്താണെന്ന് പോലുമറിയാതെ തന്റേതായ അഭിമാനവും പ്രതാപവും മാത്രം വലുതായി കണ്ട് അല്ലാഹുവിന്റെ നിയമ നിർദേശങ്ങളെ വലിച്ചെറിഞ്ഞവർക്ക് വമ്പിച്ച ശിക്ഷയാണ് പരലോകത്തുള്ളത്.

"ചില ആളുകളുണ്ട്. ഐഹികജീവിത കാര്യത്തിൽ അവരുടെ സംസാരം നിനക്ക് കൗതുകം തോന്നിക്കും. അവരുടെ ഹൃദയശുദ്ധിക്ക് അവർ അല്ലാഹുവെ സാക്ഷിനിർത്തുകയും ചെയ്യും. വാസ്തവത്തിൽ അവർ (സത്യത്തിന്റെ) കഠിനവൈരികളത്രെ. അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിള നശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. അല്ലാഹുവെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ച് നിർത്തുന്നു. അവർക്ക് നരകം തന്നെ മതി. അത് എത്ര മോശമായ മെത്ത!" (അൽബക്വറ 204-206).

**തനിക്ക് നേടാനുള്ള വലിയ പ്രശ്നങ്ങളെ ചെറുക്കാനുള്ള ഉപാധിയാണ് യഥാർഥത്തിൽ തക്വ. തന്റെ മുന്നിൽ വരാനിരിക്കുന്ന ശിക്ഷയുടെ ലോകമായ നരകം, അതിൽ പ്രവേശിക്കാതിരിക്കാൻ മനുഷ്യൻ സ്വീകരിക്കുന്ന വിശ്വാസവും അനുഷ്ഠിക്കുന്ന സൽകർമങ്ങളും ഒഴിവാക്കുന്ന തിന്മകളും എല്ലാം തക്വയുടെ ഫലമായുണ്ടാകുന്ന കാര്യങ്ങളാണ്. ഈ നിലക്ക് അല്ലാഹു കൽപിച്ച കാര്യങ്ങൾ ചെയ്യലും നിരോധിച്ച കാര്യങ്ങൾ ഒഴിവാക്കലുമാണ് യഥാർഥത്തിൽ തക്വ. അത് അത്ര പെട്ടെന്ന് കഴിയുന്ന കാര്യമല്ല.**

നെരിയാണിക്ക് താഴെയിറങ്ങാത്ത രൂപത്തിൽ വസ്ത്രമുടുക്കൽ, സത്യം മാത്രം പറയൽ, ഫിത്നയുണ്ടാക്കാതിരിക്കൽ, സത്യാസത്യങ്ങൾ കൂട്ടിക്കുഴക്കാതിരിക്കൽ തുടങ്ങി വാക്കുകളും പ്രവർത്തനങ്ങളും വിശ്വാസങ്ങളുമായി എല്ലാം ബന്ധപ്പെട്ട് കിടക്കുന്നു തക്വ. അത്കൊണ്ടുതന്നെ തക്വയുള്ളവരായി ജീവിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചു.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടിഎന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു" (ഹശ്ർ 18).

പരലോകത്തേക്കുള്ള ഏറ്റവും വലിയ സമ്പത്ത് തക്വയായതുകൊണ്ട് ആരാധനകളിലെല്ലാം അല്ലാഹു തക്വ പ്രത്യേകം എടുത്തു പറഞ്ഞു. ഹജ്ജിനെക്കുറിച്ച് അല്ലാഹു പറയുന്നു:

"ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല. നിങ്ങൾ ഏതൊരു സൽപ്രവൃത്തി ചെയ്തിരുന്നാലും അല്ലാഹു അതറിയുന്നതാണ്. (ഹജ്ജിനു പോകുമ്പോൾ) നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ ഒരുക്കിപ്പോകുക. എന്നാൽ യാത്രയ്ക്കു വേണ്ടവിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു. ബുദ്ധിശാലികളേ, നിങ്ങളെന്നെ സൂക്ഷിച്ച് ജീവിക്കുക" (അൽബക്വറ 197). നോമ്പിനെക്കുറിച്ച് അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്" (2:183).

അയൽപക്ക ബന്ധങ്ങൾ തകരുന്നത്, ഭാര്യഭർത്താക്കന്മാർ തമ്മിൽ അസഭ്യങ്ങൾ പറയുന്നത്, അമ്മായിയുമ്മയും മരുമകളും ശത്രുക്കളെ പോലെ

**കണ്ണും കാതും നാവും നിയന്ത്രിച്ച് അല്ലാഹു നിശ്ചയിച്ചുതന്ന ചൊവ്വായ പാതയിലൂടെ മാത്രം മുന്നോട്ടുനീങ്ങി ഇടത്തും വലത്തുമുള്ള പിശാചിന്റെ വിളികളെ അവഗണിച്ചുകൊണ്ട് സ്വർഗം മാത്രം ലക്ഷ്യംവെച്ച് ജീവിച്ചാൽ മരണ സന്ദർഭത്തിൽ അല്ലാഹു നൽകുന്ന സർട്ടിഫിക്കറ്റാണ് യഥാർഥത്തിൽ 'മുത്തക്വി' എന്ന നാമം. അത്തരക്കാർക്കു മാത്രമെ നാളെ പരലോകത്ത് രക്ഷയുള്ളൂ എന്ന കാര്യം നിസ്സംശയമാണ്.**

പെരുമാറുന്നത്.... ഇതെല്ലാം തക്വയുടെ പോരായ്മയാണ് അറിയിക്കുന്നത്. തക്വയില്ലാത്ത ഭാര്യയും ഭർത്താവും അമ്മായിയുമ്മയും അയൽവാസികളും എന്നും പ്രശ്നങ്ങൾ തന്നെയായിരിക്കും. തക്വയാണ് സ്വഭാവം നന്നാക്കുന്നത്. തക്വയാണ് പെരുമാറ്റവും സംസ്കാരവും നന്നാക്കുന്നത്. തക്വയാണ് ആരാധനകൾക്ക് പ്രേരണ നൽകുന്നത്. ചുരുക്കത്തിൽ മനുഷ്യന്റെ ഇഹലോകത്തെയും പരലോകത്തെയും വിജയത്തിന്റെയും മോക്ഷത്തിന്റെയും അടിസ്ഥാനം തക്വയാണ് എന്നർഥം.

നാളേക്കു വേണ്ടി തക്വ നേടാനാണല്ലോ അല്ലാഹു പറഞ്ഞത്. അതെ, സത്യം സ്വീകരിക്കുന്നവർ, സത്യത്തെ അംഗീകരിക്കുന്നവർ, സത്യത്തോടൊപ്പം നിൽക്കുന്നവർ... ഇവരൊക്കെ തക്വയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക" (തൗബ 119).

നല്ലവരോടൊപ്പം ഇരുന്നും അവരിൽ നിന്ന് നന്മ പഠിച്ചും സ്വർഗത്തിന്റെ വക്താക്കളാകാനുള്ള പ്രവർത്തനമാണ് നമ്മിൽനിന്നുണ്ടാകേണ്ടത്.

"അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും, സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ചുതള്ളുകയും ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം! സത്യവുംകൊണ്ട് വരുകയും അതിൽ വിശ്വസിക്കുകയും ചെയ്തതാരോ അത്തരക്കാർ തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. അതത്രെ സദ്വൃത്തർക്കുള്ള പ്രതിഫലം" (സുമർ 32-34).

പരദൂഷണവും ഏഷണിയും കളവും കള്ളസാക്ഷ്യവും അനാവശ്യ സംസാരങ്ങളും എല്ലാം ഒഴിവാക്കി നന്മ പറയാനും നന്മകൾ കൽപിക്കാനും തിന്മ വിരോധിക്കാനും നമ്മുടെ നാവുകളെ നാം ഉപയോഗപ്പെടുത്തുക. അതാണ് തക്വ.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക"(അഹ്സാബ് 70).

ഈ ലോകത്തുനിന്നും നാം മരിച്ച് തിരിച്ചുപോകുമ്പോൾ നല്ല അവസ്ഥയിൽ പോകണം. ദിക്റുകളുടെയും സ്വലാത്തുകളുടെയും ക്വുർആൻ പാരായണത്തിന്റെയും കൂമ്പാരം നമ്മോടൊപ്പമുണ്ടാകണം. തക്വ ജീവിതത്തിലില്ലാതെ ഇതൊന്നും നേടുക സാധ്യമല്ല.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (ആലുഇംറാൻ 102).

തക്വയോടെ ഒരു മനുഷ്യൻ ജീവിക്കുമ്പോൾ അല്ലാഹു അവന്റെ ഹൃദയത്തിന് ജീവൻ നൽകും. ആ ജീവനിലൂടെ സത്യാസത്യങ്ങൾ വേർതിരിക്കാനും ഹലാലും ഹറാമും വേർതിരിക്കാനും അവന് സാധിക്കും. അതാകട്ടെ സ്വർഗത്തിലേക്കുള്ള മാർഗവുമാണ്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കുവാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും അവൻ നിങ്ങളുടെ തിൻമകൾ മായ്ച്ചുകളയുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു" (അൻഫാൽ 29).

കച്ചവടത്തിൽ നഷ്ടം വരുമോ, ലാഭം കുറഞ്ഞുപോകുമോ എന്നൊക്കെയാണ് തക്വ കൈവിട്ട് കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ഒക്കെയായി മുന്നോട്ട് പോകാനും തട്ടിപ്പും വെട്ടിപ്പും നടത്താനും പല കച്ചവടക്കാരെയും പ്രേരിപ്പിക്കുന്നത്. എന്നാൽ തക്വയാണ് പ്രയാസത്തിൽ നിന്ന് മോചനം നൽകുന്നതും ജീവിതമാർഗം വിശാലമാക്കിക്കൊടുക്കുന്നതും.

"...അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കികൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ച

യായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (ത്വലാക് 2,3).

തക്‌വയോടുകൂടി ഏതൊരു കാര്യത്തിൽ നാം ഇറങ്ങിത്തിരിച്ചാലും അല്ലാഹു ആ കാര്യം എളുപ്പമാക്കിത്തരും: "...വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്നപക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കി കൊടുക്കുന്നതാണ്. തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവരെ പിശാചിൽ നിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽ അവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്. അപ്പോഴതാ അവർ ഉൾക്കാഴ്ചയുള്ളവരാകുന്നു" (ത്വലാക് 4).

സുന്നത്ത് നമസ്കാരങ്ങളിലുള്ള താൽപര്യവും അറിവ് നേടാനുള്ള നല്ല മനസ്സുമൊക്കെ ഒരു വ്യക്തിയിൽ കാണപ്പെട്ടാൽ അതെല്ലാം തക്‌വയുടെ ഭാഗമായി അല്ലാഹു നൽകുന്ന സഹായങ്ങളാണെന്ന് മനസ്സിലാക്കുക.

തിന്മയിൽനിന്ന് മനുഷ്യനെ തടയാനും മാനുഷികമായി തിന്മകൾ സംഭവിച്ചാൽ തന്നെ ഉടനെ തൗബ ചെയ്ത് മടങ്ങാനും ഒരു ശക്തിയായി മനുഷ്യനിൽ പ്രവർത്തിക്കുന്നത് തക്‌വ തന്നെയാണ്.

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവരെ പിശാചിൽ നിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽ അവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്. അപ്പോഴതാ അവർ ഉൾക്കാഴ്ചയുള്ളവരാകുന്നു" (അഅ്റാഫ് 201).

അതുകൊണ്ടാണ് മുത്തക്വികളുടെ വിശേഷണമായി അല്ലാഹു ഇങ്ങനെ പറഞ്ഞത്:


"വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (ആലു ഇംറാൻ 135).

നീ അല്ലാഹുവിനെ സൂക്ഷിക്കുക എന്ന വാക്ക് മോഷണത്തിൽ നിന്നും വ്യഭിചാരത്തിൽനിന്നും മദ്യപാനത്തിൽനിന്നുമെല്ലാം മനുഷ്യനെ തടയേണ്ടതുണ്ട്. അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം, അത് തക്‌വയുള്ളവർക്കുള്ളതാണ്.

"...തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ഹുജുറാത് 13).

കുറ്റവാളികൾ നാളെ നരകത്തിലേക്ക് തള്ളിയിടപ്പെടുമ്പോൾ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം കൊണ്ട് രക്ഷപ്പെടുന്നവരും മുത്തക്വികൾ തന്നെ: "അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിന്റെ രക്ഷിതാവിന്റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്. പിന്നീട് ധർമനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്" (മർയം 71,72).

തക്‌വയുള്ളവരുടെ സ്വഭാവങ്ങളായും അടയാളങ്ങളായും അല്ലാഹു എണ്ണിപ്പറഞ്ഞ ചില കാര്യങ്ങളുണ്ട്. അവ സ്വന്തമാക്കുവാനും അതിന്റെ വക്താക്കളാകുവാനും നാം ശ്രമിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: "അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും പ്രാർഥന അഥവാ നമസ്കാ



**കച്ചവടത്തിൽ നഷ്ടം വരുമോ, ലാഭം കുറഞ്ഞുപോകുമോ എന്നൊക്കെയാണ് തക്വ്‌വ കൈവിട്ട് കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ഒക്കെയായി മുന്നോട്ട് പോകാനും തട്ടിപ്പും വെട്ടിപ്പും നടത്താനും പല കച്ചവടക്കാരെയും പ്രേരിപ്പിക്കുന്നത്. എന്നാൽ തക്വ്‌വയാണ് പ്രയാസത്തിൽ നിന്ന് മോചനം നൽകുന്നതും ജീവിതമാർഗം വിശാലമാക്കിക്കൊടുക്കുന്നതും.**

രം മുറപ്രകാരം നിർവഹിക്കുകയും നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ)" (അൽബക്വറ 1-4).

നരകം ഭയപ്പെട്ട് പ്രാർഥിക്കുന്നവരാകുന്നു മുത്തക്വികൾ: "(നബിയേ,) പറയുക: അതിനെക്കാൾ (ആ ഇഹലോക സുഖങ്ങളെക്കാൾ) നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത് ഞാൻ പറഞ്ഞുതരട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും). കൂടാതെ അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും നരകശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ എന്ന് പ്രാർഥിക്കുന്നവരും ക്ഷമകൈക്കൊള്ളുന്നവരും സത്യംപാലിക്കുന്നവരും ഭക്തിയുള്ളവരും ചെലവഴിക്കുന്നവരും രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (അല്ലാഹുവിന്റെ ദാസൻമാർ)" (ആലുഇംറാൻ 15-17).

സ്വർഗത്തിൽ പ്രവേശിക്കുന്ന മുത്തക്വികളെക്കുറിച്ച് അല്ലാഹു പറയുന്നു:

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട്. തീർച്ചയായും അവർ അതിനുമുമ്പ് സദ്‌വൃത്തരായിരുന്നു. രാത്രിയിൽ നിന്ന് അൽപഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു. അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും'' (ദാരിയാത്ത് 15-19).

തക്വ്‌വ കൊണ്ടുള്ള ഫലങ്ങൾ ക്വുർആൻ ഒട്ടേറെ സ്ഥലങ്ങളിൽ വിശദീകരിക്കുന്നുണ്ട്. അതിൽ പെട്ടതാണ് അല്ലാഹുവിന്റെ സഹായവും പിൻബലവും

"...നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, അല്ലാഹു സൂക്ഷ്മതപാലിക്കുന്നവരോടൊപ്പമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക" (അൽബക്വറ 194). "തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും" (നഹ്ൽ 128).

പരലോകത്ത് ഉന്നതമായ സ്ഥാനം (ബക്വറ 212), സ്വർഗപ്രവേശനം (ആലുഇംറാൻ 15; നിസാഅ് 77), ശത്രുക്കളിൽനിന്നുള്ള സുരക്ഷ (ആലുഇംറാൻ 120), ഭയത്തിൽനിന്നുള മോചനം (അഅ്റാഫ് 35)... തക്വ്‌വ കൊണ്ടുള്ള ഫലങ്ങൾ ഇങ്ങനെ നീളുന്നു. ഇത്രയും പ്രാധാന്യം ഇതിനുള്ളതുകൊണ്ടാണ് നബി(സ്വ) സ്വഹാബികളെയും സ്വഹാബികൾ തമ്മിൽതമ്മിലും ഖലീഫമാർ ഭരണീയരോടും സൈന്യത്തോടും തക്വ്‌വക്കായി ഉപദേശിച്ചത്.

അതിനാൽ നമ്മളും തക്വ്‌വയുള്ളവരാകുക. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അല്ലാഹുവിന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള ബോധമുണ്ടാകണം. അതുതന്നെയാണ് തക്വ്‌വ. വികാരങ്ങൾ തിന്മക്കായി പ്രേരിപ്പിക്കുമ്പോൾ, സർവ തിന്മകളും ചെയ്യാനുള്ള സൗകര്യങ്ങളുണ്ടാകുമ്പോൾ, ചുറ്റുപാടുകൾ ഒത്തുവരുമ്പോൾ ഒക്കെ നമ്മെ നിയന്ത്രിക്കേണ്ടത് തക്വ്‌വയാണ്. വിദേശത്തുള്ള ഭർത്താവിനെ വഞ്ചിക്കാതെ ഭാര്യക്ക് ജീവിക്കാൻ, വീട്ടിലുള്ള ഭാര്യയെ വഞ്ചിക്കാതെ വീട് വിട്ടുപോകുന്ന ഭർത്താവിനു ജീവിക്കാൻ സാധ്യമാകണമെങ്കിൽ തക്വ്‌വ അനിവാര്യമാണ്.

ഈ തക്വ്‌വ ഉണ്ടാകാനുള്ള മാർഗങ്ങളാണ് ആരാധനകൾ. അവ കൃത്യമായി സമയബന്ധിതമായി നിർവഹിക്കുക. ക്വുർആൻ പഠിക്കുക. ആശയം ഗ്രഹിക്കുക. ക്വുർആൻ ജീവിതത്തിന്റെ ഒരു ഭാഗമാക്കി മാറ്റുക. "തീർച്ചയായും ഈ ക്വുർആനിൽ ജനങ്ങൾക്ക് വേണ്ടി നാം എല്ലാവിധത്തിലുമുള്ള ഉപമകൾ വിവരിച്ചിട്ടുണ്ട്; അവർ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി. അതെ, ഒട്ടും വക്രതയുള്ളതല്ലാത്ത, അറബിഭാഷയിലുള്ള ഒരു ക്വുർആൻ. അവർ സൂക്ഷ്മതപാലിക്കുവാൻ വേണ്ടി"(സുമർ 27,28).

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല





# ഇസ്‌ലാം സ്ത്രീയുടെ രക്ഷകൻ

ഇസ്‌ലാമിന്റെ അന്തസ്സുറ്റ അധ്യാപനങ്ങളുടെയും മഹനീയമായ മാർഗ നിർദേശങ്ങളുടെയും തണലിൽ മുസ്‌ലിം സ്ത്രീയുടെ അവസ്ഥയിലേക്ക് കണ്ണോടിക്കുന്ന ഒരു വ്യക്തിക്ക് മ്ലേച്ഛ സംസ്കാരങ്ങളുടെ ദ്രംഷ്ടങ്ങളിൽ നിന്ന് സ്ത്രീക്കുള്ള രക്ഷയും അധാർമികതയുടെ ചളിക്കുണ്ടിൽനിന്ന് സ്ത്രീക്കുള്ള മോക്ഷവും ഇസ്‌ലാമാണെന്ന് കണ്ടെത്താനാവും. ഇസ്‌ലാമിന്റെ സംരക്ഷണത്തിലും സംസ്കരണത്തിന് കീഴിലും പരിശുദ്ധിയുടെയും പാവനത്വത്തിന്റെയും മറയുടെയും ലജ്ജയുടെയും ജീവിതമാണ് സ്ത്രീ നയിക്കുന്നത്. മഹനീയ മര്യാദയിൽ, മഹദ്സ്വഭാവത്തിൽ, വേണ്ടത്ര ലജ്ജയിൽ, ഉന്നത സ്ഥാനവും സുരക്ഷിതത്വവും ഉള്ളവളാണ് അവൾ. ചെന്നായ്ക്കളുടെ അക്രമങ്ങളിൽ നിന്നും തെമ്മാടികളുടെ തലയിടലുകളിൽനിന്നും കുറ്റവാളികളുടെ കുതന്ത്രങ്ങളിൽ നിന്നും വിദൂരമാക്കപ്പെട്ടവളുമാണ് അവൾ ഇസ്‌ലാമിൽ. ഇസ്‌ലാമിനു മുമ്പുള്ള സ്തീകളുടെ സ്ഥിതിഗതികളും ഇസ്‌ലാമിന്റെ തണലിലെ അവളുടെ സ്ഥിതിഗതികളും നിരീക്ഷിക്കുന്നവർക്ക് ഈ യാഥാർഥ്യം സുതരാം വ്യക്തമാകുന്നതാണ്.

തിരുനബിﷺയുടെ പത്നി ആഇശ(റ) പറഞ്ഞതായി ഉർവ്വതുബ്നുസ്സുബയ്റി(റ)ൽ നിന്ന് ഇമാം ബുഖാരി നിവേദനം ചെയ്യുന്നു: "അജ്ഞാന കാലത്ത് വിവാഹം നാല് വിധത്തിലായിരുന്നു. അവയിൽ ഒന്ന് ഇന്നത്തെ ജനങ്ങളുടെ വിവാഹ രീതിയായിരുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് തന്റെ ഉടമസ്ഥതയിലുള്ള പെണ്ണിനെ അല്ലെങ്കിൽ മകളെ വിവാഹമന്വേഷിക്കുകയും അവൾക്ക് വിവാഹമൂല്യം നൽകി അവളെ വിവാഹം കഴിക്കുകയും ചെയ്യുക.

മറ്റൊരു വിവാഹ രീതി ഇപ്രകാരമായിരുന്നു: തന്റെ ഭാര്യ ആർത്തവ ശുദ്ധിയുള്ളവളായി കഴിഞ്ഞാൽ ഭർത്താവ് അവളോട് ഇന്ന വ്യക്തിയുടെ അടുക്കലേക്ക് പോകുവാനും അയാളുമായി രമിച്ച് കഴിയുവാനും ആവശ്യപ്പെടുകയും അയാൾ അവളിൽനിന്ന് അകന്ന് കഴിയുകയും ചെയ്യും. താൻ രമിച്ച പുരുഷനിൽനിന്നു ള്ള അവളുടെ ഗർഭധാരണം വ്യക്തമാകുന്നതുവരെ ഒരിക്കലും ഭർത്താവ് അവളെ സ്പർശിക്കുകയില്ല. അവളുടെ ഗർഭം വ്യക്തമായാൽ, ഭർത്താവ് ഇഷ്ടപ്പെട്ടാൽ അവളെ പ്രാപിക്കും. കുട്ടി ബുദ്ധി വൈഭവമുള്ളവനാകണമെന്ന താൽപര്യത്താൽ മാത്രമായിരുന്നു അയാൾ അപ്രകാരം ചെയ്തിരുന്നത്. നികാഹുൽ ഇസ്തിബ്ദാഅ് ആയിരുന്നു ഈ വിവാഹം.

മറ്റൊരു വിവാഹ രീതി: പത്തിൽ കുറഞ്ഞ ഒരു സംഘം ആളുകൾ ഒരുമിച്ചു കൂടുകയും അവർ ഒരു സ്ത്രീയുടെ അടുക്കലേക്ക് കടന്നു ചെല്ലുകയും അവരെല്ലാവരും അവളെ ലൈംഗികമായി പ്രാപിക്കുകയും ചെയ്യും. അവൾ ഗർഭം ധരിക്കുകയും പ്രസവിക്കുകയും പ്രസവാനന്തരം ഏതാനും രാവുകൾ കഴിഞ്ഞ് പോകുകയും ചെയ്താൽ ആ സംഘത്തെ ക്ഷണിച്ചു വരുത്താൻ അവൾ ആളെ നിയോഗിക്കും. സംഘത്തിലെ ഒരാൾക്കും വിസമ്മതിക്കുവാൻ സാധിക്കില്ല. അവർ അവളുടെ അടുക്കൽ ഒത്ത് കൂടിയാൽ അവൾ അവരോടു പറയും: നിങ്ങളും ഞാനും തമ്മിലുണ്ടായിരുന്ന ബന്ധം നിങ്ങൾക്കറിയാമല്ലോ. ഞാൻ പ്രസവിച്ചിരിക്കുന്നു. അവരിൽ തനിക്കിഷ്ടപ്പെട്ട ഒരാളെ അയാളുടെ പേരു വിളിച്ച് അവൾ പറയും: ഇത് നിന്റെ കുട്ടിയാകുന്നു. അവളുടെ കുട്ടിയെ അയാളിലേക്ക് ചേർക്കും. അയാൾക്ക് വിസമ്മതിക്കുവാൻ സാധിക്കുകയില്ല.

നാലാമത്തെ വിവാഹ രീതി: ധാരാളമാളുകൾ ഒരുമിച്ച് കൂടുകയും അവർ ഒരു സ്ത്രീയുടെ അടുക്കൽ പ്രവേശിക്കുകയും ചെയ്യും. തന്റെ അടുക്കൽ വരുന്നവരെ അവൾ തടയുകയില്ല. അഭിസാരികകളാകുന്നു അത്തരം സ്ത്രീകൾ. ഒരു അടയാളമെന്ന നിലയിൽ അവർ തങ്ങളുടെ വീട്ടു വാതിലുകളിൽ കൊടികൾ സ്ഥാപിക്കുമായിരുന്നു. അവരെ വേണ്ടവർക്ക് അവരുടെ അടുക്കൽ കടന്നുചെല്ലാം. സ്ത്രീ ഗർഭം ധരിച്ച് പ്രസവിച്ചാൽ അവളെ പ്രാപിച്ചവരെല്ലാം ഒരുമിച്ചു കൂട്ടപ്പെടുകയും ലക്ഷണം പറയുന്ന ആളെ ക്ഷണിച്ച് വരുത്തുകയും ചെയ്യും. ശേഷം അവളുടെ കുട്ടിയെ അവരെല്ലാവരും അഭിപ്രായപ്പെടുന്ന ഒരാളോട് ചേർക്കും. അയാൾ ആ കുട്ടിയുമായി ബന്ധം ചാർത്തുകയും അയാളുടെ മകനെന്ന് വിളിക്കപ്പെടുകയും ചെയ്യും. അത് അയാൾ വിസമ്മതിക്കില്ല.

സത്യദീനുമായി മുഹമ്മദ് നബിﷺ നിയോഗിക്കപ്പെട്ടപ്പോൾ ജാഹിലിയ്യത്തിലെ വിവാഹരീതികളെല്ലാം ഉടച്ചുവാർത്തു; ഇന്നത്തെ ജനങ്ങളുടെ വിവാഹ രീതി ഒഴിച്ച്.”

മൃഗങ്ങളും ചരക്കുകളുമെന്ന പോലെ കൊള്ളക്കൊടുപ്പിനുള്ള വിഭവമായിരുന്നു സ്ത്രീ. വിവാഹത്തിനും വേശ്യാവൃത്തിക്കും അവൾ നിർബന്ധിക്കപ്പെടുമായിരുന്നു. അവൾ അനന്തരമെടുക്കുമായിരുന്നില്ല. അവളെ അനന്തരമെടുക്കപ്പെടുമായിരുന്നു. അവളെ ഉടമപ്പെടുത്തുമായിരുന്നു. അവൾ ഉടമപ്പെടുത്തിയിരുന്നില്ല. അവളെ ഉടമപ്പെടുത്തിയവരിൽ ഭൂരിഭാഗവും അവൾ ഉടമപ്പെടുത്തിയതിൽ പുരുഷന്റെ അനുവാദം കൂടാതെ ഇടപാട് നടത്തുന്നതിൽ അവൾക്ക് വിലക്കേർപ്പെടുത്തിയിരുന്നു. അവളുടെ സ്വത്തിൽ ഭർത്താവിന് കൈകാര്യകർതൃത്വമുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടിരുന്നു; അവൾക്കാകട്ടെ അതിന് അനുവാദമുണ്ടായിരുന്നില്ല താനും. ചില നാടുകളിൽ ചിലർ സ്ത്രീ പുരുഷനെ പോലെ ദേഹവും ദേഹിയുമുള്ള ഒരു മനുഷ്യനാണോ അല്ലേ, അവൾക്ക് മതം പഠിക്കാമോ പാടില്ലേ, അവളുടെ ആരാധന സാധുവാകുമോ ഇല്ലേ, അന്ത്യനാളിൽ അവൾ സ്വർഗത്തിൽ പ്രവേശിക്കുമോ ഇല്ലേ എന്നീ വിഷയങ്ങളിൽ തർക്കിച്ചിരുന്നു!

റോമയിൽ ഒരു സഭ സ്ത്രീ നിത്യജീവനും ചൈതന്യവുമില്ലാത്ത ഒരു മലിന ജീവിയാണെന്നും എന്നാലും ആരാധനയും സേവനവും അവൾക്ക് നിർബന്ധമാണെന്നും തീരുമാനിക്കുകയുണ്ടായി. സ്ത്രീ പൈശാചികമായ കെണിയാണെന്നതിനാൽ അവൾ ചിരിക്കുന്നതും സംസാരിക്കുന്നതും തടയുവാൻ ഒട്ടകത്തിന്റെയും കടിക്കുന്ന പട്ടിയുടേയും വായ മൂടിക്കെട്ടുന്നതു പോലെ അവളുടെയും വായ മൂടിക്കെട്ടണമെന്നും തീരുമാനിക്കുകയുണ്ടായി. തന്റെ മകളെ കൊല്ലുവാൻ പിതാവിന് അവകാശമുണ്ടെന്നും മാത്രവുമല്ല അവളെ ജീവനോടെ കുഴിച്ചു മൂടണമെന്നും അറബികളിൽ ചിലർ അഭിപ്രായപ്പെട്ടിരുന്നു. പുരുഷൻ സ്ത്രീയെ വധിച്ചാൽ പുരുഷനിൽ ക്വിസ്വാസ്വും(പ്രതിക്രിയ) ദിയതും(ദായ ധനം) ഇല്ലെന്ന് അഭിപ്രായപ്പെടുന്നവരും അവരിലുണ്ടായിരുന്നു. ഇതുപോലെ സ്ത്രീയെ അവഗണിക്കുകയും കൈപ്പുനീർ കുടിപ്പിക്കുകയും ചെയ്തിരുന്ന അക്രമങ്ങളുടെയും അപഹസിക്കലിന്റെയും ഉദാഹരണങ്ങൾ വേറേയുമുണ്ട്.

വർത്തമാനകാലത്ത് അനിസ്‌ലാമികതയുടെ നിഴലിൽ ജീവിക്കുന്ന പല സ്ത്രീകളും തീക്ഷ്ണമായ യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് വസ്തുതയാണ്. എത്രത്തോളമെന്നാൽ മുസ്‌ലിം സ്തീയോടുള്ള പെരുമാറ്റം തങ്ങൾക്ക് ലഭിച്ചിരുന്നുവെങ്കിലെന്ന് അവരിൽ ചിലർ അഭിലഷിക്കുന്നു.

പ്രസിദ്ധ എഴുത്തുകാരി മിസ്സ് അത്റോഡ് പറയുന്നു: "നമ്മുടെ പെൺമക്കളെ വീടുകളിൽ ഭൃത്യരായി അല്ലെങ്കിൽ ഭൃത്യരെപ്പോലെ ജോലി ചെയ്യിക്കലാണ് ജോലി സ്ഥലങ്ങളിൽ അവരെ വേല ചെയ്യിക്കുന്നതിലേറെ ഉത്തമവും പ്രയാസം കുറഞ്ഞതും. പെൺകുട്ടികളുടെ ജീവിത ഭംഗി എന്നെന്നേക്കുമായി പൊയ്പ്പോകുന്ന മാലിന്യങ്ങളാൽ അവൾ അവിടങ്ങളിൽ മലീമസയാകുന്നു. നമ്മുടെ നാടുകൾ മുസ്‌ലിം നാടുകളെ പോലെ ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മുസ്‌ലിം നാടുകളിൽ ലജ്ജയും പവിത്രതയും പരിശുദ്ധിയുമുണ്ട്. ഭൃത്യയും അടിമയും സമൃദ്ധമായ ജീവിതമാണ് അനുഭവിക്കുന്നത്. വീട്ടിലെ സന്താനങ്ങളോട് പെരുമാറുന്നതുപോലെയാണ് അവരോട് പെരുമാറുന്നത്. അഭിമാനങ്ങൾക്ക് ക്ഷതമേൽക്കുന്നുമില്ല."

അതെ, പുരുഷന്മാരോട് യഥേഷ്ടം കൂടിക്കലർന്നുകൊണ്ട് അവഹേളനങ്ങൾക്ക് തങ്ങളുടെ പെൺമക്കളെ ഇരയാക്കുക എന്നത് ബ്രിട്ടീഷ് നാടുകൾക്ക് മാനക്കേട് തന്നെയാണ്. വീട്ടു ജോലി നിർവഹിക്കുക പോലുള്ള സ്ത്രീയുടെ പ്രകൃതിക്കിണങ്ങുന്ന ജോലിയെടുക്കുവാൻ അവളെ നിശ്ചയിക്കാനും സ്ത്രീയുടെ മാനം കാക്കുവാൻ പുരുഷന്റെ ജോലികൾ പുരുഷന് ഒഴിവാക്കിക്കൊടുക്കുവാനും നാം എന്തുകൊണ്ട് ശ്രമിക്കുന്നില്ല?

അലായ്കോ എന്ന പത്രത്തിൽ ലേഡി കോക്ക് എന്ന എഴുത്തുകാരി എഴുതുന്നു: "കൂടിക്കലരുന്നത് പുരുഷനാണ് ചേരുക. അതിനാൽ തന്നെ തന്റെ പ്രകൃതിയോട് എതിരാവുന്നതിലാണ് സ്ത്രീ അതിമോഹം കാണിച്ചത്. പരപുരുഷ സ്ത്രീ സങ്കലനം വർധിക്കുന്നതനുസരിച്ച് ജാരസന്താനങ്ങളുടെ പെരുപ്പമുണ്ടാകുന്നു. ഇവിടെയാണ് സ്ത്രീക്കുള്ള വമ്പിച്ച പരീക്ഷണവും. അവൾ ബന്ധം സ്ഥാപിച്ച പുരുഷൻ അവളെയും അവളുടെ ആവശ്യങ്ങളെയും കയ്യൊഴിക്കും. അവളാകട്ടെ ഇല്ലായ്മയുടെയും വല്ലായ്മയുടെയും കിടപ്പറയിൽ ചഞ്ചലിതയായി കഴിയുകയും നിന്ദ്യതയുടെയും അപമാനത്തിന്റെയും അപഹാസ്യതയുടെയും എന്നു മാത്രമല്ല മരണത്തിന്റെ തന്നെ കൈപ്പുനീർ ആസ്വദിക്കുകയും ചെയ്യേ ണ്ടി വരുന്നു. ഗർഭധാരണവും ഗർഭ ഭാരവും ആഗ്രഹങ്ങളും തല കറക്കവും ജോലിയെടുക്കുന്നത് തടയുന്ന കാര്യങ്ങളായതിനാലാണ് അവൾക്ക് വല്ലായ്മയുണ്ടാകുന്നത്. ജോലിയാണല്ലോ അവൾക്ക് അന്നം നേടിക്കൊടുക്കുന്നത്.

സ്വയം എന്തു ചെയ്യണമെന്നറിയാതെ പരിഭ്രാന്തയും പരവശയുമായി മാറുന്നതിനാലാണ് അവൾക്ക് വല്ലായ്മയനുഭവിക്കേണ്ടി വരുന്നത്. ഇതിനപ്പുറം വലിയ ആക്ഷേപവും അപമാനവും മറ്റെന്താണ്? ആത്മഹത്യയിലൂടെ അവൾക്ക് സ്വന്തത്തെ തന്നെ ഹനിക്കേണ്ടി വരുന്നതിനാലാണ് അവൾക്ക് മരണത്തിന്റെ കൈപ്പുനീരും ആസ്വദിക്കേണ്ടി വരുന്നത്.

പുരുഷനാകട്ടെ, ഇതിൽ യാതൊന്നും തൊട്ടുതീണ്ടുന്നില്ല. ഇതിനെക്കാളെല്ലാം ഉപരിയായി സ്ത്രീയുടെ പിരടിയിലാകുന്നു ഉത്തരവാദിത്തമെന്നുള്ളതാണ്. കുറ്റഭാരവും അവൾക്കാകുന്നു. സ്ത്രീ പുരുഷന്മാർ കൂടിക്കലരാനുള്ള പ്രേരകങ്ങൾ പുരുഷനിൽ നിന്നാണ് താനും.


പാശ്ചാത്യ പൗരയുടെ മേൽ ആക്ഷേപമായി ഭവിക്കുന്ന ഈ ദുരിതങ്ങൾ ലഘൂകരിക്കുവാൻ (അത് തുടച്ചു നീക്കുവാൻ എന്നു നാം പറയുന്നില്ല) നമുക്ക് സമയമായില്ലേ? യാതൊരു കുറ്റവും ചെയ്യാത്ത ലക്ഷക്കണക്കിന് കുഞ്ഞുങ്ങളെ കൊല്ലുന്നത് തടയുന്ന മാർഗങ്ങൾ സ്വീകരിക്കുവാൻ നമുക്ക് സമയമായില്ലേ?

പുരുഷനിലാണ് കുറ്റമെല്ലാം; വാഗ്ദാനങ്ങളിലൂടെ പുരുഷനുണ്ടാക്കുന്ന ദുർമന്ത്രണങ്ങളെയും അവൻ ജനിപ്പിക്കുന്ന ആഗ്രഹങ്ങളെയും സത്യപ്പെടുത്തുവാൻ ഉദകുമാറുള്ള ലോലഹൃദയം പ്രകൃത്യായുള്ള സ്ത്രീയെ പ്രലോഭിപ്പിക്കുന്നത് അവനാണല്ലോ. അങ്ങനെ തന്റെ ആവശ്യം പൂർത്തീകരിച്ചാൽ അവനവളെ വലിച്ചെറിയുന്നു.

ഇപ്രകാരം പീഡനങ്ങളും ക്ലേശങ്ങളും മാനക്കേടുകളും സ്ത്രീക്ക് തുടർക്കഥയാകുന്നു. നോവേറുന്ന പീഡനം അവൾ സഹിക്കേണ്ടി വരുന്നു. ജീവിത വ്യഥകൾ അവൾ കുടിച്ചിറക്കുന്നു. തന്റെ പ്രകൃതിക്കും സൃഷ്ടിപ്പിനും സർഗസിദ്ധിക്കും അനുയോജ്യമായ ശരിയായ ജീവിതത്തിനുവേണ്ടി ഇതിൽ നിന്നെല്ലാം രക്ഷപ്പെട്ടിരുന്നുവെങ്കിൽ എന്ന് അവൾ ആഗ്രഹിക്കുന്നു. ഈ പീഡനങ്ങളിൽ നിന്നെല്ലാം സ്ത്രീക്കുള്ള ഏക രക്ഷകനും മോചകനും അവൾക്കുള്ള അന്തസ്സും ആശ്വാസവും ശാന്തിയും ഇസ്‌ലാം മാത്രമായി ശേഷിക്കുന്നു. ●

നമുക്ക് ചുറ്റും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ആശയത്തെ തടയാൻ ആയുധം തികയില്ല

ആശയസമരങ്ങളെ ആയുധംകൊണ്ട് നിഷ്പ്രഭമാക്കാം എന്ന വ്യാമോഹം ഏതുകാലത്തും ഫാഷിസ്റ്റുകളെ ഭരിച്ചിരുന്നു എന്നത് ചരിത്രത്തിന്റെ ചുമരുകളിൽ കാണാം. ഒരു വിപ്ലവകാരിയുടെ പേനയൊടിക്കാൻ നിയമം കയ്യിലെടുത്ത് അക്രമം വിതച്ചാൽ ഒരായിരം പിൻമുറക്കാർ പ്രതിയോഗികളായി ജനിച്ചുയരുമെന്നതിന് കാലം സാക്ഷിയാണ്.

പ്രശസ്ത മാധ്യമ പ്രവർത്തക ഗൗരി ലങ്കേഷിന്റെ മൃഗീയ കൊലപാതകം എഴുത്തിനുവേണ്ടി കഴുത്ത് നീട്ടിക്കൊടുക്കുന്നതിന്റെ തുടക്കവും ഒടുക്കവുമല്ല തുടർച്ചയാണെന്ന് വേണം പറയാൻ.

ഫാഷിസത്തിനെതിരെ ശബ്ദിച്ചതിന്റെ പേരിൽ ഇന്ത്യയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ പട്ടിക പരതാൻ പുരാതന ചരിത്രഗ്രന്ഥങ്ങൾ തേടി അലയേണ്ടതില്ല. 2013 മുതൽ ഇങ്ങോട്ടുള്ള ചരിത്രം നോക്കിയാൽ മാത്രം മതി.

എതിർ ശബ്ദങ്ങളെ ഭീഷണികൊണ്ട് തടയുന്നത് നിഷ്ഫലമാണെന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഗൗരി ലങ്കേഷ് കൊലപാതകം. സംഘി ബൗദ്ധിക് പ്രമുഖ് ടി.ജി മോഹൻദാസ് തുറന്നുപറഞ്ഞതുപോലെ അറിയാത്തവർ കൂടി ആ പത്രപ്രവർത്തകയുടെ എഴുത്തും മഹത്ത്വവും മനസ്സിലാക്കി എന്നുള്ളതാണ് ഈ കൊലപാതകത്തിന്റെ ബാക്കിപത്രം. ലോകം ഇത്രയേറെ വളർന്നിട്ടും ശാസ്ത്രവും സാങ്കേതിക വിദ്യയും പുരോഗതി പ്രാപിച്ചിട്ടും പുരാതന ശിലായുഗത്തിലെ കായിക പ്രയോഗം കൊണ്ട് പുതിയ കാലത്ത് പിടിച്ചു നിൽക്കാൻ കഴിയില്ലെന്ന് ഇനിയെങ്കിലും ഇരുട്ടിന്റെ ശക്തികൾ തിരിച്ചറിയുന്നത് നല്ലതാണ്. കയ്യൂക്കും കൂക്കുവിളികളും കൊണ്ട് ആശയപ്രചാരണം തടയാൻ ശ്രമിച്ചാൽ വിപരീതഫലമാണ് ഉണ്ടാക്കുക എന്നുള്ളതിന് പറവൂർ സംഭവം ഏറ്റവും വലിയ തെളിവാണ്.

ഒരു നൂറ്റാണ്ടുകാലമായി കേരളത്തിൽ നിയമാനുസൃതമായി ഇസ്‌ലാമിക പ്രചാരണം നിർവഹിക്കുന്ന മുജാഹിദുകൾ, ഇക്കാലമത്രയും രാജ്യത്തിനോ പൗരന്മാർക്കോ അപകടം വരുത്തുന്ന ഒരു പ്രവർത്തനത്തിലും പങ്കാളികളായിട്ടില്ല എന്നുള്ളത് മുഴുവൻ മലയാളികൾക്കും അറിയാവുന്ന വസ്തുതയാണ്. ശാസ്ത്രീയവും വ്യവസ്ഥാപിതവുമായി പ്രബോധന പ്രവർത്തനങ്ങൾ നടത്തിവരുന്ന വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി ഗൃഹസമ്പർക്ക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടാണ് കർമരംഗത്ത് നിലകൊള്ളുന്നത്. വിസ്ഡം പ്രവർത്തകർ കയറിയിറങ്ങിയ 25 ലക്ഷത്തിലധികം വീടുകളിൽ നിന്ന് അതൃപ്തികരമായ ഒരു പരാതി പോലും ഉണ്ടായിട്ടില്ല എന്നുള്ളതാണ് യാഥാർഥ്യം. നിരപരാധികളായ 40 പ്രവർത്തകരെ മർദിച്ചൊതുക്കി ആശയപ്രചാരണം നിഷ്പ്രഭമാക്കാം എന്ന് വ്യാമോഹിച്ചവർ ദയനീയമായി പരാജയപ്പെടുന്ന സ്ഥിതി വിശേഷമാണ് പിന്നീട് സംഭവിച്ചത്. ആദർശപരമായി യോജിക്കാനും വിയോജിക്കാനും സ്വാതന്ത്ര്യവും അവകാശവും ഉള്ള ഒരു നാട്ടിൽ സ്വേഛാധിപത്യപരമായി പെരുമാറി ബലം പ്രയോഗിച്ചാൽ എതിരാളികൾ തളരുകയല്ല പതിന്മടങ്ങ് വളരുകയാണ് ചെയ്യുക. എതിർക്കുന്നവരെയൊക്കെ ഉന്മൂലനം ചെയ്ത് മുന്നോട്ട് പോകാനാണ് മേലിലും പരിപാടിയെങ്കിൽ അതിന് നിങ്ങളുടെ കയ്യിലുള്ള ആയുധം തികയാതെവരുമെന്നാണ് വിനയത്തോടെ പറയാനുള്ളത്.

WISDOM BOOKS

PUBLISHING ■ DISTRIBUTION

E.K.P. Building, Calicut

web:www.wisdomislam.org

E-mail: publication@wisdomilsam.org

04954019437, 9207525244

## പുതിയ പുസ്തകങ്ങൾ

1 വിശ്വാസിയുടെ നമസ്കാരം

ഫദ്‌ലുൽ ഹഖ് ഉമരി

പേജ് :126 | വില : 90

2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം

പി. എൻ. അബ്ദുറഹ്മാൻ

പേജ് :58 | വില : 40

3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം

ഡോ. ജലാലുൽ ഹഖ് സലഫി

പേജ് :54 | വില : 40

4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും

അബ്ബാസ് ചെറുതുരുത്തി

പേജ് :48 | വില : 40

5 ക്വുർആൻ പഠന ക്വിസ്

ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി

പേജ് : 90 | വില : 70

6 ലാ ഇലാഹ ഇല്ലല്ലാഹ്

ഫദ്‌ലുൽ ഹഖ് ഉമരി

പേജ് :104 | വില : 90

7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ

ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)

പേജ് :100 | വില : 90

സ്പെഷ്യൽ ഡിസ്കൗണ്ട്

എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 16 Sep 2017

Reg NO: KL/CT/225/2016-18
Price: ₹10/-


# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099